بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

ലക്കം 4

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജനുവരി 24/ഹി:ശം:1398 സ്വുൽഹ് 24/ഹി:ഖ:1440 ജമാദുൽ അവ്വൽ 17

## അല്ലാഹുവിന്റെ വചനം

اَلَّذِیۡنَ یَقُوۡلُوۡنَ
رَبَّنَاۤ اِنَّنَاۤ اٰمَنَّا فَاغۡفِرۡ لَنَا
ذُنُوۡبَنَا وَقِنَا عَذَابَ النَّارِ ۚ

അവർ പറയുന്നു: ‘ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. നരകശിക്ഷയിൽനിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ.’(3:17)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്‌മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**പ്രിയമുള്ളവരേ, ഇത് ദീനിനുവേണ്ടിയും ദീനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടിയും സേവനത്തിനുള്ള സമയമാണ്. ഈ അവസരം വിലപിടിച്ചതായി കരുതുക. പിന്നീടൊരിക്കലും ഇത് കൈവരികയില്ല. സക്കാത്ത് കൊടുക്കാൻ ബാധ്യസ്ഥരായവർ ഇവിടേക്ക് തങ്ങളുടെ സക്കാത്ത് അയക്കുക. ഓരോരുത്തരും അനാവശ്യ ചെലവുകളിൽനിന്ന് തങ്ങളെ രക്ഷിക്കുക. ആ തുക ഈ വഴിയിൽ ചെലവഴിക്കുക. ദൈവാനുഗ്രഹവും പരിശുദ്ധാത്മാവിൽനിന്ന് പാരിതോഷികവും ലഭിക്കുന്നതിന് സത്യസന്ധത കാണിക്കുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“നമ്മുടെ ജമാഅത്ത് ദൈവഭക്തിയിൽ അഭിവൃദ്ധിപ്പെടുന്നതിനും ഭൂമിയിൽ കത്തിക്കാളിക്കൊണ്ടിരിക്കുന്ന ദൈവക്രോധം അവരെ സമീപിക്കാതിരിക്കുന്നതിനും ഈ പ്ലേഗിന്റെ നാളുകളിൽ പ്രത്യേകമായ രീതിയിൽ അവർ സംരക്ഷിക്കപ്പെടുന്നതിനും വേണ്ടിയാണ് നാം ഈ ഉപദേശങ്ങൾ എഴുതിയിരിക്കുന്നത്. യഥാർഥ തഖ്‌വ അഥവാ ദൈവഭക്തി (അഹോ കഷ്ടം! യഥാർത്ഥ തഖ്‌വ വളരെ കുറഞ്ഞുപോയിരിക്കുന്നു) അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നു. അല്ലാഹു നിസ്സാരമായ നിലയിലല്ല, പ്രത്യുത ദൃഷ്ടാന്തമെന്നനിലയിൽ പരിപൂർണ ഭക്തനെ വിപത്തുകളിൽനിന്ന് രക്ഷിക്കുന്നു. ഭക്തനാണെന്ന് ഓരോ തന്ത്രശാലിയും അല്പജ്ഞാനിയും വാദിക്കുന്നുണ്ട്. എന്നാൽ, അല്ലാഹുവിന്റെ ദൃഷ്ടാന്തംകൊണ്ട് ഭക്തനാണെന്ന് സ്ഥാപിച്ചുകാണിക്കുന്നവനാണ് യഥാർഥ ഭക്തൻ. ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ഓരോരുത്തർക്കും പറയാം. എന്നാൽ, ഏതൊരുവന്റെ സ്നേഹം ദൈവസാക്ഷ്യത്താൽ സ്ഥാപിതമാകുന്നുവോ അവനാണ് ദൈവത്തെ സ്നേഹിക്കുന്നവൻ. തന്റെ മതം സത്യമതമാണെന്ന് ഓരോരുത്തരും പറയുന്നു. എന്നാൽ, ഏതൊരാൾക്കാണോ ഈ ലോകത്ത് പ്രകാശം ലഭിക്കുന്നത് അയാളുടെ മതമാണ് സത്യമതം. തനിക്കു മോക്ഷം ലഭിക്കുന്നതാണെന്നു ഓരോരുത്തരും പറയുന്നു. എന്നാൽ, ഏതൊരാൾക്കാണോ ഈ ലോകത്തുതന്നെ മോക്ഷത്തിന്റെ വെളിച്ചം ലഭ്യമാകുന്നത് അയാൾ പറയുന്നതാണ് സത്യം. അതിനാൽ, അല്ലാഹുവിന് പ്രിയങ്കരരായിത്തീരാൻ നിങ്ങൾ പരിശ്രമിക്കുക; നിങ്ങൾ ഓരോ ആപത്തിൽനിന്ന് രക്ഷപ്പെടാൻ. പരിപൂർണഭക്തൻ പ്ലേഗിൽനിന്ന് രക്ഷിക്കപ്പെടും. കാരണം അവൻ അല്ലാഹുവിന്റെ അഭയത്തിലാണുള്ളത്. അതുകൊണ്ട് നിങ്ങൾ പരിപൂർണ ഭക്തരാവുക. പ്ലേഗിനെക്കുറിച്ച് അല്ലാഹു പറഞ്ഞതെല്ലാം നിങ്ങൾ കേട്ടുകഴിഞ്ഞു. അത് കോപാഗ്നിയാണ്. അതുകൊണ്ട് നിങ്ങൾ സ്വയം ഈ കോപാഗ്നിയിൽനിന്ന് രക്ഷപ്പെടുക. സത്യമായ രീതിയിൽ എന്നെ അനുഗമിക്കുന്നവൻ, ഒരുവിധ വിശ്വാസവഞ്ചനയോ അനാസ്ഥയോ അശ്രദ്ധയോ അവനിൽ ഇല്ലാതിരിക്കുകയും നന്മയും തിന്മയും കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുകയാണെങ്കിൽ രക്ഷിക്കപ്പെടും. എന്നാൽ, ഈ മാർഗത്തിൽ അനാസ്ഥയോടെ ചുവടുവയ്ക്കുന്നവനും, തഖ്‌വയുടെ വഴികളിൽ പൂർണമായ രീതിയിൽ പദമൂന്നാത്തവനും ദുൻയാവിൽത്തന്നെ മുഴുകിയിരിക്കുന്നവനും തന്നത്താൻ പരീക്ഷണത്തിൽ അകപ്പെടുത്തുന്നു. ഓരോ ഭാഗത്തുനിന്നും അല്ലാഹുവിനെ അനുസരിക്കുക. ബയ്അത്ത് ചെയ്തവരിൽ പ്രവേശിച്ചിരിക്കുന്നുവെന്ന് കരുതുന്ന ഓരോരുത്തർക്കും തന്റെ സ്വത്തിൽനിന്ന് ഈ പ്രസ്ഥാനത്തിനുവേണ്ടി സേവനം ചെയ്യുവാനുള്ള സമയമാണിപ്പോൾ. ഒരു പൈസ കൊടുക്കുവാൻ കഴിവുള്ളയാൾ പ്രസ്ഥാനചെലവുകൾക്കായി മാസന്തോറും ഒരു പൈസ നല്കുക. ഒരു രൂപ കൊടുക്കുവാൻ കഴിവുള്ളവർ ഒരു രൂപ കൊടുക്കുക. കാരണം ലങ്കർഖാന (ഊട്ടുപുര)യുടെ ചെലവുകൾ കൂടാതെ മതപരമായ കാര്യങ്ങൾക്കും വളരെയധികം ചെലവുകളുണ്ടാകുന്നു. നൂറുക്കണക്കിന് അതിഥികൾ വരുന്നു. എന്നാൽ, സാമ്പത്തികബുദ്ധിമുട്ട് കാരണത്താൽ അതിഥികൾക്ക് താമസസൗകര്യാർഥം ഇതുവരെ വസതി തയ്യാറായിട്ടില്ല. ആവശ്യത്തിന് കട്ടിലുകളില്ല. മസ്ജിദിന്റെ വിപുലീകരണവും നടക്കേണ്ടതുണ്ട്. എതിരാളികളുടേതപേക്ഷിച്ച് പ്രസിദ്ധീകരണത്തിനുള്ള ഏർപാടുകളും വളരെ ദുർബലമാണ്. ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് 50,000 ലഘുലേഖകളും മതപരമായ പത്രങ്ങളും പ്രസിദ്ധീകരിക്കപ്പെടുമ്പോൾ നമ്മുടെ ഭാഗത്തുനിന്ന് കൃത്യമായി മാസന്തോറും ആയിരംപോലും പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നില്ല. ഇത്തരം കാര്യങ്ങൾ മുൻനിറുത്തി ബയ്അത്ത് ചെയ്തവർ തങ്ങളുടെ കഴിവിനനുസരിച്ച് സഹായിക്കേണ്ടതാണ്; അല്ലാഹുവും അവരെ സഹായിക്കാൻ. മാസന്തോറും കൃത്യമായി അവരുടെ സഹായം ലഭിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത് കുറവാണെങ്കിലും വേണ്ടില്ല, ഒരു ദീർഘകാലം കൊടുക്കാതെ എപ്പോഴെങ്കിലും വല്ലതും അയക്കുന്നതിനേക്കാൾ നല്ലതായിരിക്കും. ഓരോ ആളുടേയും സത്യസന്ധത അയാളുടെ സേവനത്തിൽനിന്ന് തിരിച്ചറിയപ്പെടുന്നു.

പ്രിയമുള്ളവരേ, ഇത് ദീനിനുവേണ്ടിയും ദീനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടിയും സേവനത്തിനുള്ള സമയമാണ്. ഈ അവസരം വിലപിടിച്ചതായി കരുതുക. പിന്നീടൊരിക്കലും ഇത് കൈവരികയില്ല. സക്കാത്ത് കൊടുക്കാൻ ബാധ്യസ്ഥരായവർ ഇവിടേക്ക് തങ്ങളുടെ സക്കാത്ത് അയക്കുക. ഓരോരുത്തരും അനാവശ്യ ചെലവുകളിൽനിന്ന് തങ്ങളെ രക്ഷിക്കുക. ആ തുക ഈ വഴിയിൽ ചെലവഴിക്കുക. ദൈവാനുഗ്രഹവും പരിശുദ്ധാത്മാവിൽനിന്ന് പാരിതോഷികവും ലഭിക്കുന്നതിന് സത്യസന്ധത കാണിക്കുക. കാരണം, ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചവർക്കുവേണ്ടി തയ്യാറാക്കപ്പെട്ടതാണ് ഈ പാരിതോഷികം. നമ്മുടെ നബി (സ)തിരുമേനിയുടെ മേലുണ്ടായ പരിശുദ്ധാത്മാവിന്റെ ജ്യോതിസ്സ് മറ്റെല്ലാ ജ്യോതിസ്സിനെക്കാൾ ഉന്നതമാണ്. പരിശുദ്ധാത്മാവ് ഒരു പ്രവാചകന്റെമേൽ ചിലപ്പോൾ പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. മറ്റൊരു പ്രവാചകന്റേയോ അവതാരപുരുഷന്റേയോമേൽ പശുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഒരു പ്രവാചകന്റെമേൽ ആമയുടേയോ മുതലയുടേയോ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. എന്നാൽ, പരിപൂർണ മനുഷ്യനായ നമ്മുടെ നബി(സ) പ്രത്യക്ഷനാകുന്നതുവരെ പരിശുദ്ധാത്മാവ് മനുഷ്യരൂപത്തിൽ പ്രത്യക്ഷനാകുന്ന സമയം വന്നില്ല. ഹദ്റത്ത് നബി(സ)തിരുമേനി നിയുക്തനായപ്പോൾ ആ പുണ്യാത്മാവ് പരിപൂർണ മനുഷ്യനായതുകൊണ്ട് പരിശുദ്ധാത്മാവും മനുഷ്യന്റെ രൂപത്തിൽത്തന്നെ പ്രത്യക്ഷപ്പെട്ടു. പരിശുദ്ധാത്മാവിന്റെ ശക്തമായ ജ്യോതിസ്സായിരുന്നു ഭൂമിതൊട്ടു ആകാശത്തിന്റെ ദിഗന്തംവരെ നിറഞ്ഞുനിന്നത്. അതു നിമിത്തം ഖുർആന്റെ അധ്യാപനം ബഹുദൈവവിശ്വാസങ്ങളിൽനിന്ന് സുരക്ഷിതമായി. എന്നാൽ, ക്രിസ്തുമതത്തിന്റെ ആചാര്യന്റെമേൽ പരിശുദ്ധാത്മാവ്

( ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മസ്ജിദുകളും സമാധാനവും

**ശഹ്സാദ അഹ്മദ്, യു.കെ**
**വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

'മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയദേവാലയങ്ങളും ജൂതപള്ളികളും അല്ലാഹുവിന്റെ നാമം അധികമായി സ്മരിക്കപ്പെടുന്ന മസ്ജിദുകളുമെല്ലാം തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു'(22:4)

എല്ലാ കാലങ്ങളിലും ജനജീവിതത്തിന്റെ അവിഭാജ്യമായി ആരാധനയുണ്ടായിരുന്നുവെന്നതിന് ബലവത്തായ സ്മരണികകളാണ് മസ്ജിദുകളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും ക്ഷേത്രങ്ങളും. പ്രാർഥനക്കും ആരാധനക്കുംവേണ്ടി യുഗങ്ങളായി ജനങ്ങൾ വിശുദ്ധസ്ഥലങ്ങളിൽ ഒരുമിച്ചുകൂടിയിട്ടുണ്ട്. ഈ വിശുദ്ധഗേഹങ്ങൾ ആരാധനാസ്ഥലങ്ങൾ മാത്രമല്ല. ഇവ അഗതികളുടെ അഭയസ്ഥാനങ്ങളും പീഢിതരുടെ ആശ്രയവും ആവശ്യക്കാരുടെ അശരണ കേന്ദ്രവുമാണ്. എന്നിരിക്കിലും, കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ മസ്ജിദുകൾ നിർമിക്കപ്പെടുന്നുവെന്നു കേട്ടാൽ ജനങ്ങളിൽ പ്രത്യേകിച്ചും പാശ്ചാത്യരാജ്യങ്ങളിൽ ഭയത്തിന്റേയും അസ്വാളിപ്പിന്റേയും ബോധമാണുണ്ടാകുന്നത്. ചില സ്ഥലങ്ങളിൽ മസ്ജിദ് ഉദ്ഘാടനമെന്നുകേട്ടാൽ അതിന്നെതിരിൽ പ്രതിഷേധ പ്രകടനങ്ങൾ ഉണ്ടാകുന്നു. മിനാരം ഉണ്ടാക്കുന്നതിന് സമ്പൂർണ നിരോധനമേർപ്പെടുത്തണമെന്ന ആവശ്യവുമുയരുന്നു. മസ്ജിദുകൾ വിദ്വേഷവും ഭീകരതയും പരത്തുന്ന തീവ്രവാദത്തിന്റെ കേന്ദ്രങ്ങളാണെന്ന തെറ്റുധാരണ വെച്ചുപുലർത്തുന്നവരുമുണ്ട്.

ഖിലാഫത്ത് എന്ന ദൈവികവ്യവസ്ഥിതിയുടെ നേതൃത്വത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ലോകമെമ്പാടും ആയിരക്കണക്കിന് മസ്ജിദുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഇസ്ലാമിന്റെ സത്യവും വിശുദ്ധവുമായ അധ്യാപനങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും സമാധാനപരമായ അതിന്റെ പ്രതിച്ഛായ പുനഃസ്ഥാപിച്ചുകൊണ്ടും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോളനേതാവായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അല്ലാഹു അദ്ദേഹത്തിന്റെ സഹായിയായിരിക്കട്ടെ) ലോകത്തുടനീളം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അതിലുപരി സമാധാനവും സ്വരചേർച്ചയുമുണ്ടാക്കുന്നതിൽ മസ്ജിദുകൾക്കുള്ള പങ്കും ആ പരിശുദ്ധ ഗേഹങ്ങളുടെ പ്രാധാന്യവും വിശദീകരിക്കാൻ അദ്ദേഹം വ്യക്തിപരമായിത്തന്നെ നിരവധി മസ്ജിദുകളുടെ ഉദ്ഘാടന കർമവും നിർവ്വഹിച്ചിട്ടുണ്ട്.

മസ്ജിദുകളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള തെറ്റായ ധാരണ നീക്കുവാനായി വാൾസാളിലെ(യു.കെ) മസ്ജിദ് ഉദ്ഘാടനവേളയിൽ അദ്ദേഹം പ്രസ്താവിച്ചു:

"ഈ മസ്ജിദും ക്രൂരരും ഹൃദയശൂന്യരുമായ ഭീകരവാദികളുടെ കേന്ദ്രമായിത്തീരുമെന്ന് നിങ്ങളിലാരെങ്കിലും ഭയക്കുന്നുവെങ്കിൽ അങ്ങനെയാവില്ല എന്ന് ഞാൻ തുടക്കത്തിൽത്തന്നെ ഉറപ്പു നൽകുന്നു. ഞങ്ങളുടെ മതം ജനങ്ങളെ ഒരുമിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നത് സ്നേഹവും സംഭാഷണവും മുഖേനയാണ്. ശക്തി പ്രയോഗിച്ചോ ഭയപ്പെടുത്തിയോ ഒരിക്കലുമല്ല. ഇസ്ലാം എല്ലാവിധത്തിലുള്ള ഭീകരപ്രവർത്തനങ്ങളേയും തീവ്രവാദത്തേയും പൂർണമായും നിരാകരിക്കുന്നു. ഇക്കാര്യത്തിൽ അനിശ്ചിതാർഥമോ സംശയമോ ഇല്ല. മുസ്ലിംകൾ ആരാധിക്കാൻ നിർദേശിക്കപ്പെട്ടിട്ടുള്ള ദൈവം, വിശുദ്ധഖുർആനിലെ പ്രഥമാധ്യായത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന ദൈവം 'റബ്ബുൽ ആലമീൻ'ആണ്. അതിന്റെ അർഥം ഓരോ വ്യക്തിയേയും സൃഷ്ടിയേയും മുഴുപ്രപഞ്ചത്തേയും സംരക്ഷിക്കുന്നവനും പോഷിപ്പിക്കുന്നവനും ആണെന്നാകുന്നു. അപ്രകാരം, സർവ്വ സൃഷ്ടിപ്പിന്റേയും ഉത്ഭവസ്ഥാനവും മനുഷ്യകുലത്തിന്റെ അന്നദാതാവും പരിപോഷകനുമായ ആ പരമാധികാരസത്തയ്ക്കു മുന്നിൽ തലകുനിക്കുന്ന ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം തന്റെ സ്വന്തം സമുദായത്തിൽപെട്ടവനും അല്ലാത്തവനുമായ ഒരു വ്യക്തിയെ ദ്രോഹിക്കുക എന്നതു അസാധ്യമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ എല്ലാ ജനങ്ങളുടെ അന്നദാതാവും പരിപോഷകനുമായ ആ ഏകദൈവം - സർവ്വശക്തനായ അല്ലാഹു - വാണ് ക്രിസ്ത്യാനികളേയും ജൂതന്മാരേയും മുസ്ലിംകളേയും സിഖുകാരേയും ഹിന്ദുക്കളേയും മറ്റെല്ലാ വിശ്വാസികളേയും പോറ്റുകയും നിലനിറുത്തുകയും ചെയ്യുന്നതെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. തന്റെ അസ്തിത്വത്തിൽ വിശ്വസിക്കാത്തവരേയും പോറ്റിവളർത്തുന്നവൻ അവനാണ് എന്ന യഥാർഥ ബോധ്യം ഞങ്ങൾക്കുണ്ട്. മസ്ജിദ് എന്നത് മുസ്ലിംകൾക്ക് മാത്രം പരിമിതപ്പെടുത്തപ്പെട്ട ആരാധനാലയമല്ല. യഥാർഥത്തിൽ കാലത്തിന്റെ ഖലീഫ ആവർത്തിച്ചാവർത്തിച്ച് ഓർമപ്പെടുത്തിയിരിക്കുന്നത് മനുഷ്യകുലത്തിന് മുഴുവനും തുറന്നുവെക്കപ്പെട്ടതാണ് അടിസ്ഥാനപരമായ ഇസ്ലാമിക തത്ത്വം എന്നതാണ്. സർവ്വശക്തനായ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നത് ജനങ്ങളെ മസ്ജിദിൽ പ്രവേശിക്കുന്നതിൽനിന്ന് തടയുന്നത് ക്രൂരതയും അനീതിയുമാണെന്നാണ്. ഇസ്ലാംമത സ്ഥാപകനായ മുഹമ്മദുനബി(സ)യുടെ പ്രസിദ്ധമായ ഒരു ഹദീഥ് ഇപ്രകാരമാണെന്ന് കാലത്തിന്റെ ഖലീഫ പ്രസ്താവിച്ചു:

'ഒരിക്കൽ അറബിനഗരമായ നജ്റാനിലെ ഒരു ക്രിസ്തീയ പ്രതിനിധി സംഘം നബി(സ)തിരുമേനി താമസിക്കുന്ന മദീനയിലെ മസ്ജിദിൽ വന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ ക്രിസ്തീയരായ അതിഥികളുടെ വദനത്തിൽ എന്തോ അസ്വസ്ഥതയുള്ളതായി നബിതിരുമേനി ദർശിച്ചു. എന്തെങ്കിലും വിഷമമുണ്ടോ എന്ന് അവിടന്ന് അവരോട് അന്വേഷിച്ചു. പ്രതികരണമായി തങ്ങളുടെ പ്രാർഥനാസമയമായെന്നും അതിനൊരിടം ഇല്ലല്ലോ എന്നും ക്രിസ്തീയസംഘം പറഞ്ഞു. ഇതുകേട്ടപ്പോൾ മതപരമായ സഹിഷ്ണുതയുടെ ഉദാത്തമായ മാതൃക- വരുംതലമുറയിലെ മുസ്ലിംകൾക്കുള്ള മാതൃക- നബി(സ)തിരുമേനി കാണിച്ചു. തന്റെ സ്വന്തം മസ്ജിദ് ആഗതരുടെ വിശ്വാസാചാരപ്രകാരം ആരാധന നടത്താൻ വിട്ടുകൊടുത്തു. ഇതിന്റെ വെളിച്ചത്തിൽ ഞാൻ ആവർത്തിച്ചുന്നിപ്പറയുന്നു, മസ്ജിദ് യഥാർഥത്തിൽ ഏകനും സർവ്വശക്തനുമായ ദൈവത്തെ ആരാധിക്കാൻ തുറന്നുവെക്കപ്പെട്ടിരിക്കുന്നതാണ്. അതുകൊണ്ട് ലോകത്തെവിടെയായാലും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മസ്ജിദ് സർവ്വമതസ്ഥർക്കുംവേണ്ടി തുറന്നുവെക്കപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ പ്രഖ്യാപിക്കുന്നു.

അതിനാൽ, വിശ്വാസപരിഗണന കൂടാതെ മസ്ജിദ് സർവ്വർക്കുമുള്ള ആരാധനാകേന്ദ്രമാണ്. യഥാർഥ ഇസ്ലാം സംതൃപ്തിയോടെ ആരാധന നടത്താൻ മുസ്ലിംകൾക്ക് മാത്രമല്ല, മറ്റെല്ലാ മതസ്ഥർക്കും മസ്ജിദ് തുറന്നുവെച്ചിരിക്കുന്നു. എല്ലാവർക്കും മസ്ജിദ് എങ്ങനെയാണ് അഭയകേന്ദ്രമാകുന്നത് എന്ന് വിവരിച്ചുകൊണ്ട് കാലത്തിന്റെ ഖലീഫ പറയുന്നു:

"ഒരു അഭയസ്ഥാനം എന്ന നിലയ്ക്ക് മസ്ജിദിന്റെ പദവി അതിൽ പ്രവേശിക്കുന്നവർക്ക് മാത്രമല്ല, വിപുലമായ അർഥത്തിൽ അതിനു ചുറ്റും താമസിക്കുന്നവരും എപ്പോഴും സുരക്ഷിതരായിരിക്കും. അവർ മസ്ജിദിൽ വരുന്ന ആരാധകരെ ഒരിക്കലും ഭയപ്പെടേണ്ട ആവശ്യമില്ല. ഓരോ അഹ്മദി മുസ്ലിമും തോളോടുതോൾചേർന്ന് സമാധാനവും സ്നേഹവും സഹതാപവും നിറഞ്ഞ ഒരു സമൂഹം സ്ഥാപിക്കാൻ യത്നിക്കും. തീർച്ചയായും, വിദ്വേഷവും ശത്രുതയും, സ്നേഹവും സമാധാനവുമാക്കി പരിവർത്തിപ്പിക്കുന്ന ഏതു യത്നത്തിലും അഹ്മദികൾ മുന്നണിയിലുണ്ടാകുമെന്ന കാര്യം തദ്ദേശവാസികൾ കണ്ടെത്തുന്നതാണ്.

സുപ്രധാനവും ഉന്നതവുമായ മസ്ജിദ് നിർമാണോദ്ദേശ്യം സർവ്വശക്തനായ ദൈവത്തെ ആരാധിക്കലാണ്. എന്നിരിക്കിലും യഥാർഥമായ ആരാധനക്ക് മനുഷ്യകുലത്തിനുള്ള സേവനവും ആവശ്യമാണെന്ന് ഇസ്ലാം പ്രസ്താവിക്കുന്നു. ആരാധനയുടെ മർമപ്രധാനമായ വശം വിശദീകരിച്ചുകൊണ്ട് ഖലീഫതിരുമനസ്സ് പറയുന്നു:

'ദൈവസൃഷ്ടികൾക്ക് സേവനം ചെയ്യുക എന്നുള്ളത് ഓരോ വ്യക്തിയുടേയും കടമയാണ്. വിശ്വാസം പരിഗണിക്കാതെ തന്റെ സഹജീവിയെ സഹായിക്കണം. മനുഷ്യരെന്ന നിലയിൽ പരസ്പരം മനസ്സിലാക്കാൻ പരിശ്രമിക്കുകയും പരസ്പരം സഹായിക്കാൻ പഠിക്കുകയും ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും വേണം. ഇത് അങ്ങേയറ്റം സുപ്രധാനമാണ്. ഇതില്ലെങ്കിൽ ആരാധനകൊണ്ട് ഒരു പ്രയോജനവുമില്ല. അതുകൊണ്ടാണ് വിശുദ്ധഖുർആൻ പ്രസ്താവിച്ചത്, മസ്ജിദിൽ പ്രാർഥന നടത്താൻ വരികയും ശേഷം ജനങ്ങളെ ഉപദ്രവിക്കുകയും മറ്റുള്ളവരെ സഹായിക്കാതിരിക്കുകയും അനാഥരെ ശ്രദ്ധിക്കാതിരിക്കുകയും മുതിർന്നവർക്ക് സേവനം ചെയ്യാതിരിക്കുകയും സാധുക്കളെ സഹായിക്കാതിരിക്കുകയും അവരെ സേവിക്കാതിരിക്കുകയും സമാധാനവും സ്നേഹവും സ്വരചേർച്ചയും കാണിക്കാതിരിക്കുകയും ചെയ്യുന്നവരുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ലെന്ന്. യഥാർഥത്തിൽ അവരുടെ പ്രാർഥനകൾ അവശ്യമായും പാപമായി മാറുന്നു. മറ്റുള്ളവർക്ക് സേവനം ചെയ്യുന്ന കാര്യത്തിലുള്ള വിശുദ്ധഖുർആന്റെ നിർദേശങ്ങൾ അത്രത്തോളം ഉന്നതമാണ്.'

ഇസ്ലാമികാധ്യാപനത്തിന്റെ കഴമ്പായ ജനസേവന കാര്യത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നിരന്തരം കഠിനാധ്വാനം ചെയ്തുമുന്നേറുന്നു. കൂടാതെ സഹായിക്കുകയും ചെയ്യുന്നു. ജമാഅത്തിന്റെ മനുഷ്യത്വപരമായ യത്നങ്ങളെക്കുറിച്ച് ഖലീഫ തിരുമനസ്സ് പറഞ്ഞു:

( ശേഷം പേജ് ൽ)

# ഖുത്ബ ജുമുഅ

## 'ഞാൻ അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്തു പറയുന്നു: അങ്ങയുടെ ഭാര്യയിൽ നന്മയല്ലാതെ മറ്റൊരു കാര്യവും എനിക്ക് അറിയില്ല.'

**ബദ്‌രീ സ്വഹാബി ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥ(റ)യുടെ അനുഗൃഹീത ജീവിതത്തെ കുറിച്ചുള്ള ചർച്ച.**
**"അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.'**

### അപരാധാരോപണ സംഭവത്തെ കുറിച്ചുള്ള ചർച്ച

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

ഖുത്ബ ജുമുഅ ഡിസംബർ 14/1397 ഫത്ഹ് 14
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

സ്വഹാബാക്കളെക്കുറിച്ചുള്ള വിവരണത്തിൽ ഇന്ന് ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥയെക്കുറിച്ചു പറയുന്നതാണ്. അദ്ദേഹത്തിന്റെ പേര് ഔഫ് എന്നും ഉപനാമം മിസ്ത്വഹ് എന്നുമായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഉമ്മു മിസ്ത്വഹ് സൽമാ ബിൻത് സ്വഖർ ആയിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മാതൃസഹോദരി റയ്ത്വ ബിൻത് സ്വഖറിന്റെ മകളായിരുന്നു അവർ.(അൽ ഇസ്വാബ വാള്യം 6, പേജ് 74, മിസ്ത്വഹ് ബിൻ ഉഥാഥ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (ഉസുദുൽ ഗാബ, വാള്യം 5, പേജ് 150, മിസ്ത്വഹ് ബിൻ ഉഥാഥ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (ഇസ്തീആബ് വാള്യം 4, പേജ് 1472, മിസ്ത്വഹ് ബിൻ ഉഥാഥ(റ), പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥ, ഹദ്റത്ത് ഉബയ്ദാബിൻ ഹാരിഥും അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാരായ ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥ്, ഹദ്റത്ത് ഹുസ്വയ്ൻ ബിൻ ഹാരിഥ് എന്നിവരോടൊപ്പം മക്കയിൽനിന്ന് ഹിജ്റത്തു ചെയ്തു. യാത്ര തിരിക്കുന്നതിനുമുമ്പേ 'നാജിഖ് താഴ്‌വര'യിൽ ഒരുമിച്ചു കൂടാമെന്ന് സമ്മതിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥ പിന്നിലായിപ്പോയി. കാരണം യാത്രക്കിടയിൽ അദ്ദേഹത്തെ പാമ്പ് കൊത്തി. മുമ്പേ പോയ ആളുകൾക്ക് പിറ്റേദിവസം ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥയെ പാമ്പുകൊത്തി എന്ന വിവരം കിട്ടി. അങ്ങനെ അവർ തിരിച്ചുവന്നു. അദ്ദേഹത്തേയും കൂട്ടി മദീനയിൽ വന്നു. മദീനയിൽ എല്ലാവരും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ സലമയുടെ വീട്ടിൽ താമസിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 37, ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ)തിരുമേനി ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥയേയും സയ്ദ് ബിൻ മുസയ്യിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് മിസ്ത്വഹ് ബദ്ർ യുദ്ധമുൾപ്പെടെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 39, മിസ്ത്വഹ് ബിൻ ഉഥാഥപ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹിജ്റത്തിന് എട്ടു വർഷത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദയെ അറുപതോ എൺപതോ പേരുടെ സംഘത്തോടൊപ്പം അയക്കുകയുണ്ടായി. നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദാ ബിൻ ഹാരിഥിനുവേണ്ടി ഒരു വെള്ളനിറത്തിലുള്ള പതാക കെട്ടിയുണ്ടാക്കി. അത് ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥ പിടിച്ചു. ഖുറയ്ശികളുടെ ഒരു കച്ചവടസംഘത്തെ തടയുക എന്നതായിരുന്നു ഈ സൈനികനീക്കത്തിന്റെ ലക്ഷ്യം. അബൂസുഫ്‌യാൻ ആയിരുന്നു ഖുറയ്ശി സംഘത്തിന്റെ നേതാവ്. ചിലർ ഇക്‌രിമ ബിൻ അബൂജഹ്‌ലായിരുന്നുവെന്നും ചിലർ മിക്റസ് ബിൻ ഹഫ്സ് ആയിരുന്നുവെന്നും പറയുന്നുണ്ട്. ഈ സംഘത്തിൽ ഇരുന്നൂറ് പേരുണ്ടായിരുന്നു; അതായത് വ്യാപാരചരക്കുകളുമായി പോകുകയായിരുന്ന അവിശ്വാസികളുടെ ഈ കച്ചവട സംഘത്തിൽ. സ്വഹാബിമാരുടെ ഈ സംഘം 'റാബിഗ്' താഴ്‌വരയിൽവച്ച് ആ സംഘത്തെ കണ്ടുമുട്ടി. ആ സ്ഥലത്തിന് 'വദ്ദാൻ' എന്നും പറയാറുണ്ട്. ഈ (ഖുറയ്ശി)സംഘം വെറും കച്ചവടസംഘമല്ലായിരുന്നു, മറിച്ച് അവരുടെ കൈയിൽ യുദ്ധസാധനസാമഗ്രികളും ഉണ്ടായിരുന്നു. മാത്രമല്ല ഈ സംഘത്തിൽ നിന്ന് ലഭിക്കുന്ന വരുമാനവും മുസ്‌ലിംകൾക്കെതിരെ യുദ്ധത്തിൽ ഉപയോഗിക്കണമായിരുന്നു. സംഭവങ്ങളിൽനിന്ന് മനസ്സിലാകുന്നത് അവർ പൂർണസജ്ജരായിരുന്നുവെന്നതാണ്. ഏതായിരുന്നാലും ഇരുകൂട്ടർക്കുമിടയിൽ അമ്പെയ്ത്തല്ലാതെ മറ്റു സംഘട്ടനങ്ങളൊന്നും നടന്നില്ല. യുദ്ധത്തിന് പ്രത്യേകം അണിനിരന്നതുമില്ല. ഇതിനുമുമ്പേയും മറ്റൊരു സ്വഹാബിയെ കുറിച്ച് പറഞ്ഞപ്പോൾ ഇത് പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് സഅ്ദു ബിൻ അബീ വഖാസ്വായിരുന്നു മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് ആദ്യമായി അമ്പെയ്തത്. ഇസ്‌ലാമിന്റെ ഭാഗത്തുനിന്ന് തൊടുത്തുവിട്ട ഏറ്റവും ആദ്യത്തെ അമ്പായിരുന്നു അത്. ആ അവസരത്തിൽ ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദ്, ഹദ്റത്ത് ഉയയ്നഃ ബിൻ ഗസ്‌വാൻ(സീറത്ത് ഇബ്നു ഹിശാമിലും താരീഖ് ത്വബരിയിലും ഉത്ബ ബിൻ ഗസവാൻ എന്നാണുള്ളത്)എന്നിവർ തക്കം നോക്കി മുശ്‌രിക്കുകളുടെ കൂട്ടത്തിൽനിന്ന് മുസ്‌ലിംകളോടൊപ്പം വന്നു ചേരുകയുണ്ടായി. കാരണം അവർ രണ്ടുപേരും ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞിരുന്നു. അവർ മുസ്‌ലീംകളുടെ അടുത്തു പോകാനാഗ്രഹിച്ചിരുന്നു. ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിന്റെ നേതൃത്വത്തിലുള്ള രണ്ടാമത്തെ സൈനികനീക്കമായിരുന്നു അത്. അമ്പെയ്ത്തിനുശേഷം ഇരുകക്ഷികളും പിന്മാറി. കാരണം മുസ്‌ലീംകൾ വൻസൈന്യമാണെന്ന പ്രതീതി മുശ്‌രിക്കീംകളിലുണ്ടായി. അവർക്കു സഹായം കിട്ടിക്കൊണ്ടിരിക്കുന്നുവെന്ന് അവർ ധരിച്ചു. അതുകൊണ്ട് അവർ ഭയന്ന് പിന്തിരിഞ്ഞോടി. മുസ്‌ലീംകളാണെങ്കിൽ അവരെ പിന്തുടരാനും പോയില്ല.' (അസ്സീറത്തുൽ ഹൽബിയ്യ വാള്യം 3 പേജ് 215-216, സരിയത്ത് ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). (സീറത്ത് ഇബ്നു ഹിശാം, വാള്യം 1, പേജ് 592, സരിയത്ത് ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ മുസ്തഫാ അൽബാബി മിസ്ർ 1955).(താരീഖ് അത്ത്വബരി വാള്യം 2, പേജ് 12, ഹിജ്‌രി 1, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987). കാരണം യുദ്ധം ചെയ്യുകയെന്നതായിരുന്നില്ല അവരുടെ ഉദ്ദേശ്യം. അവരെ തടയുക എന്നത് മാത്രമായിരുന്നു. മുസ്‌ലീംകൾക്കെതിരിൽ അവർ തയ്യാറെടുപ്പുകൾ നടത്തുകയാണെങ്കിൽ മുസ്‌ലീംകളും തയ്യാറായിരിക്കും എന്ന മുന്നറിയിപ്പ് നല്കുകയായിരുന്നു ഉദ്ദേശ്യം.

ഖയ്ബറിന്റെ അവസരത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് മിസ്ത്വഹിനും ഇബ്നു ഇൽയാസിനും അമ്പത് വസ്ഖ് ധാന്യം നൽകുകയുണ്ടായി. (അക്കാലഘട്ടത്തിൽ യുദ്ധമുതലിൽനിന്ന് ഇതായിരുന്നു കൊടുത്തിരുന്നത്. ത്വബക്കാത്തുൽ ഖുബ്റായിൽ ഇക്കാര്യങ്ങൾ എഴുതിയിട്ടുണ്ട്). അദ്ദേഹം ഹിജ്‌രി 34ന് ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്തു കാലത്ത് 56-ാം വയസ്സിൽ വഫാത്തായി. ഹദ്റത്ത് അലിയുടെ കാലംവരെ ജീവിച്ചിരുന്നു എന്നും, ഹദ്റത്ത് അലിയുടെ കൂടെ സിഫ്ഫീൻ യുദ്ധത്തിൽ പങ്കെടുത്ത് 37 ഹിജ്‌രിയിലാണ് വഫാത്തായതെന്നും പറയപ്പെടുന്നുണ്ട്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 39, മിസ്ത്വഹ് ബിൻ ഉഥാഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അൽ ഇസ്വാബ വാള്യം 6, പേജ് 74, മിസ്ത്വഹ് ബിൻ ഉഥാഥ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് മിസ്ത്വഹിന് ജീവിതച്ചെലവിനുള്ള ഏർപാട് ചെയ്തിരുന്നത് ഹദ്റത്ത് അബൂബക്കർ(റ) ആയിരുന്നു. എന്നാൽ, ഹദ്റത്ത് ഇശ(റ)യെക്കുറിച്ച് അപരാധം പറഞ്ഞവരുടെ കൂട്ടത്തിൽ മിസ്ത്വഹും ഉണ്ടായിരുന്നു. അതുകൊണ്ട്, ഇനി മേലിൽ അദ്ദേഹത്തിന്റെ പരിപാലനം താൻ ഏറ്റെടുക്കുകയില്ലെന്ന് അബൂബക്കർ(റ)ആണയിട്ട് പറഞ്ഞു. അപ്പോഴാണ് ഈ ആയത്തിറങ്ങിയത്:

وَلَا يَأْتَلِ أُولُوا الْفَضْلِ مِنْكُمْ وَالسَّعَةِ أَنْ يُّؤْتُوْا أُولِي الْقُرْبٰى وَالْمَسٰكِيْنَ وَالْمُهٰجِرِيْنَ فِيْ سَبِيْلِ اللّٰهِ ۖ وَلْيَعْفُوْا وَلْيَصْفَحُوْا ۗ أَلَا تُحِبُّوْنَ أَنْ يَّغْفِرَ اللّٰهُ لَكُمْ ۗ وَاللّٰهُ غَفُوْرٌ رَّحِيْمٌ ۝٢٣

അതായത്, 'നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും ഒന്നും നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പുചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്കു പൊറുത്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.' (24:23)

എന്തായാലും ഈ ആയത്ത് ഇറങ്ങിയപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിന് ജീവിതച്ചെലവ് നൽകുമെന്ന് വീണ്ടും പറഞ്ഞു. ഹദ്റത്ത് ആഇശ(റ)യുടെ നിരപരാധിത്വം തെളിഞ്ഞപ്പോൾ അപരാധം പറഞ്ഞു പരത്തിയവർക്ക് ശിക്ഷയും നൽകപ്പെട്ടു. ചില നിവേദനങ്ങൾ പ്രകാരം നബി(സ)തിരുമേനി, ഹദ്റത്ത് ആഇശ(റ)യുടെമേൽ അപരാധം പറഞ്ഞവർക്ക് ചാട്ടവറടി നൽകിയപ്പോൾ അവരിൽ ഹദ്റത്ത് മിസ്ത്വഹും ഉണ്ടായിരുന്നു.'(അൽ ഇസ്വാബ വാള്യം 6, പേജ് 74, മിസ്ത്വഹ് ബിൻ ഉഥാഥ(റ), പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഈ അപരാധം പറഞ്ഞുപരത്തിയ സംഭവം ചരിത്രപരവും പ്രധാനപ്പെട്ടതുമായ ഒരു സംഭവമാണ്. ചരിത്രപരമെന്ന് പറയാൻ പറ്റില്ല, ഒരു പ്രധാന സംഭവമാണ്. മുസ്‌ലീംകൾക്ക് അതിൽ ഗുണപാഠവുമുണ്ട്. അതുകൊണ്ട് അതിന്റെ വിശദീകരണവും വിവരിച്ച് എഴുതപ്പെട്ടിരിക്കുന്നു. അല്ലാഹു ഇതുസംബന്ധമായി വിശുദ്ധ ഖുർആനിൽ ആയത്തും ഇറക്കിയിട്ടുണ്ട്. എന്തായാലും അതിനെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"അല്ലാഹു തന്റെ ധാർമികമായ ഗുണത്തിൽ ശിക്ഷാപരമായുള്ള പ്രവചനം തൗബയും ഇസ്തിഗ്ഫാറും ദുആയും സ്വദഖഃയും മുഖേന അകറ്റിക്കളയുന്നു. ഇപ്രകാരം മനുഷ്യനേയും അവൻ ഈ ധാർമികഗുണം പഠിപ്പിച്ചിരിക്കുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ സംഭവം പ്രതിപാദിച്ചുകൊണ്ട് വാഗ്ദാനവും ശിക്ഷയെ കുറിച്ചുള്ള പ്രവചനവും(വഅ്ദ-വഈദ്) തമ്മിലുള്ളവ്യത്യാസവും വെളിപ്പെടുത്തിയിരിക്കുന്നു. പിന്നീട് പറയുന്നു:"വിശുദ്ധ ഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും സ്ഥാപിതമാകുന്നതുപോലെ ഹദ്റത്ത് ആഇശ(റ)യെ കുറിച്ച് കപടവിശ്വാസികൾ നീചത്വംകൊണ്ട് സത്യവിരുദ്ധമായി അപരാധം പറഞ്ഞു പറഞ്ഞപ്പോൾ ആ ചർച്ചയിൽ നിഷ്കളങ്കരായ ചില സ്വഹാബാക്കളും പെട്ടുപോയിരുന്നു." ഫിത്ന ഉണ്ടാക്കുക എന്നതായിരുന്നില്ല അവരുടെ ഉദ്ദേശ്യം. നിഷ്കളങ്കതകൊണ്ട് പെട്ടുപോയതാണ്. "ഹദ്റത്ത് അബൂബക്കറിന്റെ വീട്ടിൽനിന്ന് രണ്ടുനേരം ഭക്ഷണം കഴിച്ചിരുന്ന ഒരു സ്വഹാബിയുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തിന്റെ ഈ കുറ്റംകൊണ്ട് ഭീഷണമായ നിലയിൽ ആണയിട്ട് ഈ അനാവശ്യമായ ചെയ്തിക്ക് ശിക്ഷയായി ഇനി ഒരിക്കലും അദ്ദേഹത്തിന് ഭക്ഷണം നല്കുകയില്ലെന്ന് പറഞ്ഞിരുന്നു. അപ്പോഴാണ് ഈ ആയത്തിറങ്ങിയത്.

وَلۡيَعۡفُوۡا وَلۡيَصۡفَحُوۡا ؕ اَلَا تُحِبُّوۡنَ اَنۡ يَّغۡفِرَ
اللّٰهُ لَـكُمۡ ‌ؕ وَاللّٰهُ غَفُوۡرٌ رَّحِيۡمٌ ﴿۲۳﴾

(24:23)

അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) ആ പ്രതിജ്ഞ ലംഘിച്ചു. ആദ്യത്തെപോലെ ഭക്ഷണം കൊടുക്കാൻ തുടങ്ങി. ഇതിന്റെ അടിസ്ഥാനത്തിൽ ഇത് ഇസ്‌ലാമിക സൽസ്വഭാവങ്ങളിൽ പെട്ടതാണ്. (ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പ്രശ്നം പരിഹരിച്ചിരിക്കുന്നു). "ശിക്ഷാപരമായി എന്തെങ്കിലും പ്രതിജ്ഞ ചെയ്താൽ അത് ലംഘിക്കുക എന്നത് സൽസ്വഭാവങ്ങളിൽപ്പെട്ടതാണ്." (വഈദ് എന്താണ്?) പറഞ്ഞു: ഉദാഹരണത്തിന് ആരെങ്കിലും തനിക്കുസേവനം ചെയ്യുന്ന ആളെക്കുറിച്ച് താൻ അയാളെ ചെരുപ്പുകൊണ്ട് 50 അടി അടിക്കുമെന്ന് സത്യം ചെയ്താൽ അയാളുടെ തൗബയും കേണപേക്ഷയുംകൊണ്ട് മാപ്പു കൊടുക്കുക എന്നത് ഇസ്‌ലാമിന്റെ സുന്നത്ത്(നടപടിക്രമം) ആകുന്നു. തഖല്ലുഖ് ബി അഖ്‌ലാഖില്ലാഹ് ആകുന്നതിന്. (അല്ലാഹുവിന്റെ ധാർമികഗുണങ്ങൾ സ്വായത്തമാക്കുന്നവനാകുന്നതിന്). എന്നാൽ, വാഗ്ദാനലംഘനം അനുവദനീയമല്ല. വാഗ്ദാനം പാലിച്ചില്ലെങ്കിൽ സമാധാനം പറയേണ്ടിവരും. എന്നാൽ, ശിക്ഷകൊടുക്കുമെന്ന് പറഞ്ഞത് ഉപേക്ഷിച്ചാൽ അങ്ങനെയില്ല."(ളമീമ ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, റൂഹാനീ ഖസാഇൻ, വാള്യം 21, പേജ് 181)

നെഗറ്റീവും പോസിറ്റീവുമായിട്ടുള്ള എല്ലാവശങ്ങളും മുന്നിൽവച്ചുകൊണ്ടായിരിക്കും വാഗ്ദാനം ചെയ്യുന്നത്. അതു പാലിക്കേണ്ടത് നിർബന്ധമാണ്. അതു ലംഘിക്കുക എന്നത് സമാധാനം ബോധിപ്പിക്കേണ്ട കാര്യമാണ്. പിഴയും ഒടുക്കേണ്ടതായിവരും.

ബുഖാരിയിലെ നിവേദനമനുസരിച്ച് തന്റെ പേരിൽ കെട്ടിയുണ്ടാക്കി പറഞ്ഞ സംഭവം വിശദീകരിച്ചുകൊണ്ടു ഹദ്റത്ത് ആഇശ(റ) പറയുന്നു: (ഇതിന്റെ വിശദീകരണം പ്രാധാന്യമർഹിക്കുന്നതുകൊണ്ട് ഞാനും അത് വിവരിക്കുകയാണ്). ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ)തിരുമേനി ഒരു യാത്ര പുറപ്പെടാനുദ്ദേശിച്ചാൽ തന്റെ ഭാര്യമാർക്കിടയിൽ നറുക്കിടുമായിരുന്നു. നറുക്കിൽ ആരുടെപേരാണോ വീഴുന്നത് അവരേയുംകൊണ്ട് യാത്ര പുറപ്പെടും. അതനുസരിച്ച് നബി(സ)തിരുമേനി ഒരു യുദ്ധയാത്രയിൽ നറുക്കിട്ടു. എന്റെ നറുക്കാണ് വീണത്. ഞാൻ നബി(സ)തിരുമേനിയോടൊപ്പം യാത്ര പുറപ്പെട്ടു. പർദയുടെ വിധി നടപ്പിൽ വന്നശേഷമായതിനാൽ ഒരു പല്ലക്കിനുള്ളിൽ കയറിയാണ് ഞാൻ യാത്ര പുറപ്പെട്ടത്.(ഒട്ടകപ്പുറത്ത് യാത്രക്കാർ ഇരിക്കുന്ന സ്ഥലത്ത് നാലുഭാഗവും മറച്ചുണ്ടാക്കുന്നതാണ് ഈ പല്ലക്ക്). വല്ലയിടത്തും ഇറങ്ങേണ്ടി വരുമ്പോൾ അതോടുകൂടിതന്നെയാണ് എന്നെ ഇറക്കിയിരുന്നത്. അങ്ങനെ ഞങ്ങൾ യാത്ര തുടർന്നു. യുദ്ധം കഴിഞ്ഞ് ഞങ്ങൾ മടങ്ങുകയും മദീനയെ സമീപിക്കുകയും ചെയ്തപ്പോൾ ഒരു രാത്രി യാത്ര തുടരാൻ നബി(സ) എല്ലാവരേയും വിളിച്ചറിയിച്ചു. അതനുസരിച്ച് ഞാനും എഴുന്നേറ്റ് മലമൂത്ര വിസർജനത്തിന് പുറപ്പെട്ടു. അവസാനം ഞാൻ പട്ടാളത്തിന്റെ മുമ്പിലേക്ക് കടന്നു കഴിഞ്ഞ് മലമൂത്ര വിസർജനാവശ്യങ്ങൾ നിർവ്വഹിച്ച് എന്റെ വാഹനത്തിനടുക്കൽ വന്ന് നെഞ്ചിൽ കൈവെച്ച് നോക്കിയപ്പോൾ യമനിലെ ളിഫാറിൽ തയ്യാർ ചെയ്ത മണികൾ കോർത്ത മാല അറ്റുവീണുപോയിരിക്കുന്നു. മാല അന്വേഷിച്ചുകൊണ്ട് ഞാൻ തിരിച്ചുപോയി. അതിന്റെ അന്വേഷണം എന്നെ തടഞ്ഞുവെച്ചു. അപ്പോൾ എന്റെ ഒട്ടകപ്പല്ലക്ക് വഹിക്കുന്നവർ മുന്നിട്ട് വന്നു. അവരെന്റെ പല്ലക്ക് എടുത്തിട്ട് ഞാൻ യാത്ര ചെയ്തിരുന്ന ഒട്ടകപ്പുറത്ത് വെച്ചു. ഞാൻ ആ പല്ലക്കില്ലുണ്ടെന്നാണ് അവർ ധരിച്ചത്. അക്കാലത്ത് സ്ത്രീകൾക്ക് തടിച്ച ശരീരം ഉണ്ടായിരുന്നില്ല. വളരെ ചുരുങ്ങിയ ആഹാരം മാത്രമേ അന്ന് സ്ത്രീകൾ കഴിക്കാറുണ്ടായിരുന്നുള്ളൂ. തന്നിമിത്തം എന്റെ അഭാവം അവർക്ക് സംശയമുണ്ടാക്കിയില്ല. ഞാൻ അന്ന് ചെറുപ്രായക്കാരിയായ ഒരു പെൺകുട്ടിയായിരുന്നു. അങ്ങനെ ഒട്ടകത്തെ തെളിച്ചുകൊണ്ട് അവർ മുമ്പോട്ട് പോയി. അതിനിടയ്ക്ക് മാല എനിക്ക് കണ്ടുകിട്ടി. പട്ടാളം കുറെ മുമ്പോട്ട് നീങ്ങിക്കഴിഞ്ഞശേഷം ഞാൻ താവളത്തിൽ തിരിച്ചെത്തിയപ്പോൾ അവിടെ ആരുമില്ല. ഞാൻ ഇറങ്ങിയിരുന്ന അതെ സ്ഥലത്ത് പോയിരിക്കാൻ ഞാനുദ്ദേശിച്ചു. എന്നെ കാണാതിരിക്കുമ്പോൾ അവർ എന്നെ അന്വേഷിച്ച് തിരിച്ചുവരുമെന്ന് ഞാനുറപ്പിച്ചു. അങ്ങനെ ഞാൻ ഇരിക്കുമ്പോൾ എന്റെ ഇരുനേത്രങ്ങൾ എന്നെ കീഴ്പ്പെടുത്തുകയും ഞാൻ ഉറങ്ങുകയും ചെയ്തു.

സ്വഫ്‌വാൻ ബിൻ മുഅത്ത്വൽ സുലമീ ദക്വാനീ പട്ടാളത്തിന്റെ പിന്നിൽ യാത്ര ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.(എന്തെങ്കിലും സാധനം വീണുപോയിട്ടുണ്ടോ, ആരെങ്കിലും പിന്നിലായിട്ടുണ്ടോ എന്നു നോക്കുന്നതിനുവേണ്ടി ഒരാൾ എപ്പോഴും സൈന്യത്തിന്റെ പിന്നാലെ ഉണ്ടാകും). ആഇശ(റ) പറയുന്നു: അദ്ദേഹം പ്രഭാതവേളയിൽ എന്റെ താവളത്തിലെത്തി. ഒരു മനുഷ്യൻ ഉറങ്ങുന്ന നിഴൽ അദ്ദേഹം കണ്ടു. ഉടനെ എന്റെ അടുത്തുവന്നു. പർദയുടെ കല്പന വരുന്നതിനുമുമ്പേ അദ്ദേഹം എന്നെ കാണാറുണ്ടായിരുന്നു. അദ്ദേഹം ഇന്നാലില്ലാഹി ചൊല്ലുന്നതു കേട്ടപ്പോൾ ഞാനുണർന്നു. ഉടനെ അദ്ദേഹം തന്റെ ഒട്ടകത്തെ മുട്ടുകുത്തിച്ചു. അതിന്റെ കൈ എനിക്കു കയറുവാൻ സൗകര്യപ്പെടുത്തി. ഞാൻ ഒട്ടകപ്പുറത്ത് കയറി. അങ്ങനെ എന്നെ വാഹനത്തിലിരുത്തിക്കൊണ്ട് സ്വഫ്‌വാൻ മുമ്പോട്ട് നടന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: 'വാഹനം പട്ടാളസംഘത്തോടൊപ്പം എത്തിച്ചേർന്നു. അവർ മധ്യാഹ്ന വിശ്രമത്തിനുവേണ്ടി ഒരിടത്തു ഇറങ്ങിക്കഴിഞ്ഞിരുന്നു. അപ്പോഴേക്കും ഊഹാപോഹങ്ങൾ കെട്ടിച്ചമച്ച് നശിക്കേണ്ടവരെല്ലാം നശിച്ചുകഴിഞ്ഞിരുന്നു.(അതായത് ഇക്കാര്യത്തിൽ ചില യാളുകൾ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങിയിരുന്നു. തെറ്റായ രീതിയിലുള്ള കാര്യങ്ങൾ ഹദ്റത്ത് ആഇശയ്ക്കെതിരിൽ പറയാൻ തുടങ്ങിയിരുന്നു). ഹദ്റത്ത് ആഇശ(റ) പറയുന്നു: 'ആരോപണത്തിന്റെ നേതൃത്വം വഹിച്ചിരുന്നതു അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സലൂലായിരുന്നു. ഞങ്ങൾ മദീനയിലെത്തിക്കഴിഞ്ഞശേഷം അവിടെ ഒരു മാസം ഞാൻ രോഗിയായിക്കിടന്നു. ആളുകളാവട്ടെ ആരോപണം കെട്ടിച്ചമച്ചുണ്ടാക്കിയവരുടെ വാക്കുകൾ നാടെങ്ങും പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരായി. ഞാൻ രോഗിയാകുന്ന സന്ദർഭത്തിൽ നബി(സ)തിരുമേനിയിൽ ഞാൻ കാണാറുള്ള അനുകമ്പ ഈ സന്ദർഭത്തിൽ ഞാൻ കാണാതിരുന്നത് എനിക്ക് സംശയവും ഉണ്ടാക്കി. നബി(സ)തിരുമേനി എന്റെ അടുത്തു പ്രവേശിച്ച് നിനക്കെങ്ങനെയുണ്ടെന്ന് മാത്രം ചോദിച്ചു. (അതും അവരുടെ മാതാപിതാക്കളോടാണ് ചോദിച്ചിരുന്നത്). യഥാർഥത്തിൽ ഞാൻ സുഖം പ്രാപിക്കും വരേക്കും ഇക്കഥകളൊന്നും അറിഞ്ഞിരുന്നില്ല. ഒരു ദിവസം ഞാനും മിസ്ത്വഹിന്റെ മാതാവും കൂടി മനാസിഅ്ന്റെ ഭാഗത്തേക്ക് മലമൂത്രവിസർജനത്തിന് പുറപ്പെട്ടു. രാത്രി സമയങ്ങളിൽ മാത്രമേ അവിടെ പോകാറുണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ വീടുകൾക്ക് സമീപം കക്കൂസുകൾ ഉണ്ടാക്കുന്നതിനു മുമ്പേയുള്ള സമ്പ്രദായമാണിത്. (അക്കാലഘട്ടിൽ മറയ്ക്കിരിക്കാൻ ആളുകൾ പുറത്തായിരുന്നു പോകാറുണ്ടായിരുന്നത്. സ്തീകൾ ഇരുൾ മൂടുമ്പോഴായിരുന്നു സാധാരണ പോയിരുന്നത്). ആഇശ(റ) പറയുന്നു: 'പുരാതന അറബികളുടേതുപോലെ മൈതാനത്തോ വീട്ടിൽനിന്ന് വളരെ അകന്ന സ്ഥലത്തോ പോകലായിരുന്നു ഇക്കാര്യത്തിൽ ഞങ്ങളുടെയും പതിവ്. അങ്ങനെ ഞാനും മിസ്ത്വഹിന്റെ മാതാവുംകൂടി

നടന്നുകൊണ്ടിരിക്കെ അവർ വസ്ത്രത്തിൽ തടഞ്ഞുവീണു. മിസ്ത്വഹ് നശിച്ചുവെന്ന് അന്നേരം അവർ പറഞ്ഞു. നിങ്ങളിപ്പറഞ്ഞത് വളരെ മോശം. ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ഒരാളെയാണോ നിങ്ങളാക്ഷേപിക്കുന്നത്? എന്നു ഞാൻ പറഞ്ഞു. അവർ പറഞ്ഞു: മകളേ! അവർ പറഞ്ഞു പരത്തുന്നത് നീ കേട്ടില്ലേ? അങ്ങനെ അവർ വ്യഭിചാരാരോപകരുടെ സംസാരങ്ങളെല്ലാം എനിക്ക് വിവരിച്ചുതന്നു. അതോടുകൂടി എന്റെ രോഗം വർധിച്ചു. ഞാൻ വീട്ടിലേക്ക് മടങ്ങിച്ചെന്നപ്പോൾ നബി(സ)തിരുമേനി എന്റെയടുക്കൽ പ്രവേശിച്ച് സലാം ചൊല്ലിയിട്ട് നിനക്കെങ്ങനെയുണ്ടെന്ന് അന്വേഷിച്ചു. എനിക്ക് എന്റെ മാതാപിതാക്കളുടെ അടുത്തേക്ക് പോകാനനുവാദം തന്നാലും, ഞാൻ പറഞ്ഞു. എന്റെ മാതാപിതാക്കളുടെ അടുക്കൽനിന്ന് ഈ വാർത്തയുടെ യാഥാർഥ്യം അറിയണമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. നബി(സ) അനുവാദം തരികയും ഞാൻ മാതാപിതാക്കളുടെ അടുത്തേക്ക് പോരുകയും ചെയ്തു. ജനങ്ങളെന്താണ് പറഞ്ഞു നടക്കുന്നത്? എന്ന് ഞാൻ ഉമ്മയോട് ചോദിച്ചു. അവർ പറഞ്ഞു: എന്റെ കുഞ്ഞുമോളേ! സാരമില്ല. നീ മനഃസമാധാനത്തോടെയിരിക്കൂ! അല്ലാഹു സത്യം! സുന്ദരിയായ ഒരു സ്ത്രീ ഉണ്ടായിരിക്കുക. പ്രേമമുള്ള ഒരു ഭർത്താവിന്റെയടുക്കൽ അവൾ താമസിക്കുക, അവൾക്ക് പുറമെ ആ പുരുഷന് മറ്റു ഭാര്യമാരും ഉണ്ടായിരിക്കുക, ആ ചുറ്റുപാടിൽ മറ്റു ഭാര്യമാർ അവളെക്കുറിച്ച് വളരെയേറെ അപരാധങ്ങൾ പറഞ്ഞു പരത്താതിരിക്കുകയില്ല. ഞാൻ പറഞ്ഞു: സുബ്ഹാനല്ലാ! ആളുകൾ ഇതും പറഞ്ഞുനടക്കുന്നുണ്ടോ? ആ രാത്രി പ്രഭാതംവരെ തോരാത്ത കണ്ണുനീരും ഉറക്കം വരാത്ത കൺപോളകളുമായി ഞാൻ കഴിച്ചുകൂട്ടി.

നേരം പുലർന്നപ്പോൾ നബി(സ)തിരുമേനി അലിയേയും ഉസാമയേയും വിളിച്ചുവരുത്തി. വഹ്‌യ് വരാൻ താമസിച്ചപ്പോൾ തന്റെ ഭാര്യയോടുള്ള ബന്ധം വേർപെടുത്തുന്ന കാര്യത്തിൽ കൂടിയാലോചിക്കാൻ വേണ്ടിയാണവരെ വിളിച്ചത്. ഉസാമയാകട്ടെ അദ്ദേഹത്തിന് നബി(സ) യുടെ പത്നിമാരോടുണ്ടായിരുന്ന സ്നേഹം കാരണം പറഞ്ഞു: പ്രവാചകരേ! അങ്ങയുടെ ഭാര്യയാണവർ. അവരെക്കുറിച്ച് നല്ലതല്ലാതെ ഒന്നും ഞങ്ങളുടെ അറിവിലില്ല. എന്നാൽ, അലി(റ) പറഞ്ഞു. പ്രവാചകരേ, അല്ലാഹു താങ്കൾക്ക് ഒരു ഇടുക്കവുമുണ്ടാക്കിയിട്ടില്ല. (ഹദ്റത്ത് അലി അല്പം കഠിനസ്വഭാവമുള്ളയാളായിരുന്നു. അ ദ്ദേഹം പറഞ്ഞു, അങ്ങയ്ക്ക് ഒരു ഞെരുക്കവുമില്ല. ഇവരെക്കൂടാതെ ധാരാളം സ്ത്രീകൾ വേറെ ഉണ്ടല്ലോ?) അങ്ങ് പരിചാരികയെ വിളിച്ചു ചോദിച്ചു നോക്കിയാലും. അവൾ താങ്കളോട് സത്യം പറയും. അപ്പോൾ നബി(സ) ബരീറയെ വിളിച്ചു ചോദിച്ചു.(ബരീറ സേവകയായിരുന്നു). ബരീറാ, നിന്നിൽ സംശയം ജനിപ്പിക്കുന്ന വല്ലതും അവളിൽ നീ കണ്ടിട്ടുണ്ടോ? ബരീറ പറഞ്ഞു: 'ഇല്ല. അങ്ങയെ സത്യവുമായി നിയോഗിച്ച അല്ലാഹു സത്യം! ചെറുപ്രായക്കാരിയായ ഒരു പെൺകുട്ടിയെന്ന നിലക്ക് ചിലപ്പോൾ മാവ് കുഴച്ചുവച്ച് ഉറക്കം തൂങ്ങുകയും ആടു വന്ന് അത് തിന്നുകയും ചെയ്യാറുണ്ട്. എന്നതൊഴിച്ച് യാതൊരു പോരായ്മയും അവരിൽ ഞാൻ കണ്ടിട്ടില്ല.' അപ്പോൾ നബി(സ)മിമ്പറിൽ കയറി നിന്ന് അബ്ദുല്ലാഹ് ബിൻ ഉബയ്യിനെതിരിൽ നടപടിയെടുക്കുന്നതിൽ ജനങ്ങളോട് സഹകരണത്തിനാവശ്യപ്പെട്ടുകൊണ്ട് അരുളി: 'എന്റെ കുടുംബത്തിന്റെ പേരിൽ അപരാധം പരത്തി എന്നെ ദ്രോഹിച്ചവനെതിരിൽ നടപടിയെടുക്കുന്നതിൽ എന്നെ സഹായിക്കാനാരുണ്ട്? നന്മയല്ലാതെ ഒന്നും അവർ പ്രവർത്തിച്ചതായി എനിക്കറിവില്ല. പിന്നിലുള്ളത് ഒരു പുരുഷന്റെ കാര്യമാണ്. അയാളെക്കുറിച്ചും നന്മയല്ലാതെ ഞാൻ മനസ്സിലാക്കുന്നില്ല. എന്നോടൊപ്പമല്ലാതെ എന്റെ കുടുംബത്തിൽ അദ്ദേഹം കടന്നുവരാറില്ല.' ഇതു കേട്ടപ്പോൾ സഅ്ദ് ബിൻ മുആദ്(റ) എഴുന്നേറ്റ് നിന്ന് പറഞ്ഞു: 'പ്രവാചകരേ! അല്ലാഹു സത്യം. ഞാൻ അവനെന്നെതിരിൽ നടപടിയെടുക്കാം. അയാൾ ഔസ് ഗോത്രത്തിൽ പെട്ടവനാണെങ്കിൽ അയാളുടെ കഴുത്തുവെട്ടിക്കളയും. ഞങ്ങളുടെ സഹോദരഗോത്രമായ ഖസ്റജുകാരാണെന്നു വരികയും ഞങ്ങളോട് നടപടിയെടുക്കുവാൻ അങ്ങ് കൽപിക്കുകയും ചെയ്താൽ അങ്ങയുടെ കല്പന അവനിലും ഞങ്ങൾ നടപ്പിൽ വരുത്തും.' ഇതുകേട്ടപ്പോൾ ഖസ്റജ് ഗോത്രത്തിന്റെ നേതാവ് സഅ്ദ് ബിൻ ഉബാദ –അദ്ദേഹം ഇതിനുമുമ്പേ നല്ലൊരു മനുഷ്യനായിരുന്നു. പക്ഷേ, അഭിമാനരോഷം അദ്ദേഹത്തെ പിടികൂടി– എഴുന്നേറ്റ് നിന്ന് പറഞ്ഞു: 'നീ വെറുതെ കള്ളം പറയുകയാണ്. അല്ലാഹു സത്യം! ആ മനുഷ്യൻ ഖസ്റജ് ഗോത്രക്കാരനാണെങ്കിൽ നിനക്കവനെ കൊല്ലാൻ സാധിക്കുകയില്ല.' ഇതുകേട്ടപ്പോൾ ഉസയ്ദ് ബിൻ ഹുളയ്ർ എഴുന്നേറ്റ് നിന്ന് പറഞ്ഞു: 'നീയാണ് കളവ് പറയുന്നത്. അല്ലാഹു സത്യം അവനെ ഞങ്ങൾ കൊല്ലുകതന്നെ ചെയ്യും. കപടവിശ്വാസികൾക്ക് വേണ്ടി വാദിക്കുന്ന ഒരു കപടവിശ്വാസിയാണ് നീ.' ഇതോടെ ഔസ്, ഖസ്റജ് എന്നീ രണ്ടു ഗോത്രങ്ങൾ ക്ഷുഭിതരായി ഇളകി. ഒരു പോരാട്ടത്തിന് തന്നെ അവരൊരുങ്ങി. നബി(സ)തിരുമേനി മിമ്പറിൽ(പ്രസംഗപീഠം) തന്നെയായിരുന്നു. അവിടന്ന് അവിടെനിന്ന് ഇറങ്ങി അവരെ ശാന്തരാക്കി. അവരെല്ലാവരും അടങ്ങി, നബി(സ)തിരുമേനിയും മൗനം പാലിച്ചു.

ഹദ്റത്ത് ആഇശ(റ) പറയുന്നു: (ഈ രിവായത്ത് തുടരുകയാണ്. ബുഖാരിയിലെ ദീർഘമായ ഹദീഥാണിത്). 'അന്നു മുഴുവൻ ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു. എന്റെ കണ്ണുനീർ വറ്റുന്നില്ല. ഉറക്കം എനിക്ക് രുചി നോക്കാൻ കഴിയുന്നില്ല. പ്രഭാതത്തിൽ എന്റെ മാതാപിതാക്കൾ എന്റെയടുക്കൽ വന്നു. അപ്പോഴേക്ക് രണ്ടു രാവും ഒരു പകലും തുടർച്ചയായി ഞാൻ കരഞ്ഞുകഴിഞ്ഞിരുന്നു. അവസാനം കരച്ചിൽ കാരണം എന്റെ കരൾ പൊട്ടിപ്പോകുമോ എന്നെനിക്ക് ഭയമായി.' ആഇശ(റ) പറയുന്നു: 'അങ്ങനെ മാതാപിതാക്കൾ എന്റെ അരികിൽ ഇരിക്കുകയും ഞാൻ കരഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നതിനിടക്ക് ഒരു അൻസ്വാരി സ്ത്രീ എന്റെയടുക്കലേക്ക് വരാൻ സമ്മതം ആവശ്യപ്പെട്ടു. ഞാനവർക്ക് സമ്മതം കൊടുത്തു. അവളും എന്റെ കൂടെ ഇരുന്നു കരയാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി അവിടെ കയറി വന്ന് എന്റെ അടുത്തിരുന്നു. എന്നെക്കുറിച്ച് ജനങ്ങൾ അപരാധം പറഞ്ഞുപരത്തിയ ദിവസം മുതൽ ഈ ദിവസംവരെയും നബി(സ)തിരുമേനി എന്റെയുക്കൽ വരുകയുണ്ടായില്ല. എന്റെ കാര്യത്തിൽ നബി(സ)തിരുമേനിക്ക് ഒരു ദൈവികസന്ദേശവും ലഭിക്കാതെ ഒരുമാസം കഴിഞ്ഞുപോയി. നബി(സ)അവിടെയിരുന്ന് ശഹാദത്ത് ചൊല്ലിക്കൊണ്ട് ചോദിച്ചു: 'ആഇശാ! നിന്നെക്കുറിച്ച് എനിക്ക് ഇന്നിയിന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.' (ആദ്യമായാണ് ഇക്കാര്യത്തെ സംബന്ധിച്ച് നബി(സ)തിരുമേനി ഹദ്റത്ത് ആഇശയോടു ചോദിക്കുന്നത്). നീ യഥാർഥത്തിൽ നിരപരാധിയാണെങ്കിൽ അല്ലാഹു തെളിയിക്കും. അങ്ങനെയല്ല വല്ല തെറ്റും നീ ചെയ്തുപോയിട്ടുണ്ടെങ്കിൽ പശ്ചാത്തപിച്ച് അല്ലാഹുവിനോട് മാപ്പിന്നപേക്ഷിക്കുക. മനുഷ്യൻ തന്റെ തെറ്റ് ഏറ്റുപറയുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നപക്ഷം അവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കും.' നബി(സ)തിരുമേനിയുടെ സംസാരം അവസാനിച്ചപ്പോൾ എന്റെ കണ്ണുനീർ പറ്റെ വറ്റി.'

എന്റെ പിതാവിനോട് ഞാൻ പറഞ്ഞു: 'എന്റെ പക്ഷത്തുനിന്നു നിങ്ങൾ മറുപടി നൽകിയാലും.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! ഞാനെന്താണ് നബി(സ)യോട് പറയേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ.' അപ്പോൾ മറുപടി പറയാൻ എന്റെ മാതാവിനോട് ഞാൻ പറഞ്ഞു. അവരും പിതാവ് പറഞ്ഞതുപോലെ പറഞ്ഞു. ഞാൻ ചെറുപ്രായക്കാരിയായിരുന്നു. ഖുർആൻ അധികഭാഗം ഞാൻ മനഃപാഠമാക്കിയിരുന്നില്ല. ഞാൻ പറഞ്ഞു: അല്ലാഹുവാണ! ജനങ്ങളുടെ സംസാരം മുഖേന നിങ്ങൾ കേട്ടുകഴിഞ്ഞതും നിങ്ങളുടെ മനസ്സിൽ നിങ്ങൾ ഉറപ്പിച്ച് വിശ്വസിച്ചു കഴിഞ്ഞതുമായ കാര്യങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഇപ്പോൾ ഞാൻ നിരപരാധിയാണെന്ന് നിങ്ങളോട് പറയുന്ന പക്ഷം– ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിന്നറിയാം–നിങ്ങളതു വിശ്വസിക്കുകയില്ല. വല്ല തെറ്റും നിങ്ങളോട് ഞാൻ ഏറ്റുപറഞ്ഞുവെന്ന് വെക്കുക. ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിന്നറിവുണ്ട്. നിങ്ങളത് വിശ്വസിക്കും. എനിക്കും നിങ്ങൾക്കും യൂസുഫിന്റെ പിതാവിന്റെ ഉപമയല്ലാതെ ഞാൻ ദർശിക്കുന്നില്ല. അദ്ദേഹം പറഞ്ഞു: 'ക്ഷമയാണ് ഭംഗി. നിങ്ങൾ പറയുന്നതിന്റെമേൽ അല്ലാഹു സഹായിയാണ്.' ഇതു പറഞ്ഞ് ഞാനെന്റെ വിരിപ്പിൽ മുഖം തിരിച്ചുകിടന്നു. അല്ലാഹു എന്റെ നിരപരാധിത്വം തെളിയിക്കുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. അല്ലാഹുവാണ! ഖുർആനിൽ എന്നും പാരായണം ചെയ്തുകൊണ്ടിരിക്കാൻ ഇടവരാത്തവിധം എന്റെ കാര്യത്തിൽ അല്ലാഹു ഒരു സന്ദേശമയക്കുമെന്ന് ഞാൻ ധരിച്ചിരുന്നേയില്ല.(അല്ലാഹു മോചിതയാക്കുമെന്ന് വിചാരിച്ചിരുന്നു. പക്ഷേ, ഇത്രത്തോളം, അല്ലാഹു എന്നെ കുറിച്ച് വഹ്‌യ് ഇറക്കുമെന്നും അതു ഖുർആനിൽ രേഖപ്പെടുമാറുണ്ടാകുമെന്നും ഒരിക്കലും കരുതിയിരുന്നില്ല). ഖുർആനിൽ എന്റെ കാര്യത്തിൽ എന്തെങ്കിലും എടുത്തുപറയാൻ ഞാനാരാണ്! ഞാനെത്ര നിസ്സാരയായവൾ! എന്നാൽ, എന്റെ നിരപരാധിത്വം വെളിപ്പെടുത്തിക്കൊണ്ട് നബി(സ)തിരുമേനിക്ക് അല്ലാഹു സ്വപ്നം കാണിക്കുമെന്ന് ഞാനാശിച്ചിരുന്നു. അല്ലാഹുവാണ! നബി(സ) തിരുമേനി ആ ഇരുത്തത്തിൽനിന്നു അനങ്ങുകയോ വീട്ടുകാരിൽ വല്ലവരും പുറത്തുപോകുകയോ ചെയ്തിട്ടില്ല. അപ്പോഴേക്ക് നബി(സ) തിരുമേനിക്ക് വഹ്‌യ് ലഭിക്കുമ്പോൾ ഉണ്ടാകാറുള്ള ആ വമ്പിച്ച ക്ഷീണം ബാധിച്ചു. അവസാനം നബി(സ)തിരുമേനിയുടെ നെറ്റിയിൽനിന്ന് ശൈത്യനാളുകളിലെന്നോണം മുത്തുമണികൾ പോലെയുള്ള വിയർപ്പുതുള്ളികൾ ഇറ്റുവീഴാൻതുടങ്ങി.

നബി(സ)തിരുമേനിയിൽനിന്ന് ആ പ്രത്യേകാവസ്ഥ നീങ്ങിക്കഴിഞ്ഞപ്പോൾ നബി(സ) തിരുമേനി അതാ! ചിരിക്കുന്നു. എന്നിട്ട് ഏറ്റവു മാദ്യം നബി(സ)തിരുമേനി അരുളിയ വാക്കിതാണ്. 'ആഇശാ! നീ അല്ലാഹുവിനെ സ്തുതിക്കുക. നിന്റെ നിരപരാധിത്വം അല്ലാഹു ഇതാ പ്രഖ്യാപിച്ചിരിക്കുന്നു.' എന്റെ ഉമ്മ പറഞ്ഞു: 'നീ ദൈവദൂതന്റെ അടുക്കലേക്ക് എഴുന്നേറ്റു ചെല്ലുക.' ഞാൻ പറഞ്ഞു: 'അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഞാൻ അഭിനന്ദിക്കുകയില്ല.' അങ്ങനെ അല്ലാഹു ഈ വചനം ഇറക്കി: 'നിശ്ചയം ആ കള്ളവാർത്ത കെട്ടിച്ചമച്ചവർ നിങ്ങളിൽ ഒരു വിഭാഗമാണ്.' എന്റെ നിരപരാധി

ത്വം തെളിയിച്ചുകൊണ്ട് അല്ലാഹു ഇറക്കിയതാണ് ഈ സൂക്തം. അപ്പോൾ അബൂബക്കർ പറഞ്ഞു: 'മിസ്ത്വഹിന്ന് ഞാൻ ഇനി ഒരിക്കലും സാമ്പത്തിക സഹായം ചെയ്യുകയില്ല.' കുടുംബബന്ധത്തിന്റെ അടിസ്ഥാനത്തിൽ അബൂബക്കർ(റ) അദ്ദേഹത്തെ സഹായിച്ചുപോന്നിരുന്നു. അപ്പോൾ അല്ലാഹു ഇപ്രകാരം വചനം ഇറക്കി: (നിങ്ങളിൽ ഉൽകൃഷ്ടപദവിയും ധനപരമായ കഴിവുമുള്ളവർ അടുത്ത കുടുംബങ്ങൾക്കും അഗതികൾക്കും ഹിജ്റ ചെയ്തവർക്കും ധനസഹായം ചെയ്യുകയില്ലെന്ന് സത്യം ചെയ്തുപോകരുത്. അവർ മാപ്പ് ചെയ്തുകൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു വളരെയേറെ പൊറുക്കുന്നവനും അങ്ങേയറ്റം ദയ കാണിക്കുന്നവനുമാകുന്നു). അപ്പോൾ അബൂബക്കർ പറഞ്ഞു: അതെ, അല്ലാഹുവാണ! എന്റെ തെറ്റുകൾ അല്ലാഹു എനിക്ക് പൊറുത്തുതരണമെന്ന് ഞാനാഗ്രഹിക്കുന്നു. എന്നിട്ട് മുമ്പേ കൊടുത്തുവന്നിരുന്ന ധനസഹായം അദ്ദേഹം മിസ്ത്വഹിന് പുനരാരംഭിച്ചു.

ഹദ്റത്ത് ആഇശ(റ) പറയുന്നു: എന്നെക്കുറിച്ച് സയ്നബയോടും നബി(സ) ചോദിച്ചിരുന്നു: 'സയ്നബാ! ആഇശയെക്കുറിച്ച് നിനക്കുള്ള അറിവെന്താണ്?' സയ്നബ(റ) പറഞ്ഞു: 'ദൈവദൂതരേ! ഞാനെന്റെ കണ്ണും ചെവിയും അസത്യത്തിൽനിന്ന് ഇതാ രക്ഷിച്ചുകൊള്ളുന്നു. അല്ലാഹുവാണ! നന്മയല്ലാതെ മറ്റൊന്നും അവളെക്കുറിച്ച് എനിക്കറിവില്ല.' (തെറ്റായ കാര്യം പറയാൻ എനിക്കാവില്ല). അവർ പറയുന്നു: 'ഞാൻ ആഇശയെ പരിശുദ്ധയായി മാത്രമെ കണ്ടിട്ടുള്ളു. പരിശുദ്ധയായിത്തന്നെ കരുതുകയും ചെയ്യുന്നു.' ഹദ്റത്ത് ആഇശ(റ) പറയുന്നു: 'ഈ സയ്നബ് തന്നെയായിരുന്നു, നബി(സ)തിരുമേനിയുടെ ഭാര്യമാരിൽ ഞാനുമായി കിടപിടിക്കാറുണ്ടായിരുന്നത്. പക്ഷേ, ഭയഭക്തി കാരണം അല്ലാഹു അവരെ രക്ഷപ്പെടുത്തിവച്ചു. അവരുടെ സഹോദരി ഹംന ബിൻത് ജഹ്ശ് എതിരാളികളോടൊപ്പം ചേർന്നിരുന്നു. അവർ നശിക്കുകയും ചെയ്തു. (സ്വഹീഹുൽബുഖാരി, കിതാബു ശ്ശഹാദാത്ത്, ബാബു തഅ്ദീലുന്നിസാഅ്....ഹദീഥ് 2661, വാള്യം 4, പേജ് 721–731, പ്രസാധകർ നള്വാറത്ത് ഇശാഅത്ത് റബ്വ) (സ്വഹീഹുൽ ബുഖാരി , കിതാബുൽ മഗാസി, ബാബ് ഹദീഥ് അൽഇഫ്ക്, ഹദീഥ് 4141 വാള്യം 8, പേജ് 325, പ്രസാധകർ നള്വാറത്ത് ഇശാഅത്ത് റബ്വ)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ, ഞാൻ മുമ്പേ ബുഖാരി ഉദ്ധരിച്ചു പറഞ്ഞ സംഭവം വിവരിച്ചിട്ടുണ്ട്. കൂടുതലായി അദ്ദേഹം പറഞ്ഞത് ഇതാണ്: ആഇശ(റ) പറഞ്ഞു: ആ സ്വഹാബി *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ* എന്നു പറഞ്ഞപ്പോൾ ഞാൻ ഞെട്ടിയുണർന്നു. അദ്ദേഹത്തെ കണ്ടുടനെ ഞാൻ എന്റെ പുതപ്പു പുതച്ചു; കാരണം പർദയുടെ കല്പന നടപ്പിൽ വന്നുകഴിഞ്ഞിരുന്നു. അല്ലാഹുവാണ! അദ്ദേഹം ഞാനുമായി ഒന്നും സംസാരിച്ചില്ല. അദ്ദേഹം അപ്പറഞ്ഞത് കേട്ടതല്ലാതെ ഞാനും ഒന്നും പറഞ്ഞില്ല; അതായത് *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അതിനുശേഷം അദ്ദേഹം തന്റെ ഒട്ടകത്തെ മുന്നോട്ടു കൊണ്ടുവന്നു. എന്റെ അടുത്തുകൊണ്ടുവന്ന് ഇരുത്തി. പെട്ടെന്ന് എഴുന്നേല്ക്കാതിരിക്കാൻ അദ്ദേഹം ഒട്ടകത്തിന്റെ ഇരുമുട്ടുകളിലും തന്റെ കാലുവച്ചു. ഞാൻ ഒട്ടകത്തിനുമേൽ യാത്ര ചെയ്യാൻ തുടങ്ങി.' (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ., പേജ് 563)

അവിടെ പറഞ്ഞത് കൈയിൽ കാലുവച്ച് കയറി എന്നാണ്. ഇവിടെ പറയുന്നത് ഒട്ടകം പെട്ടെന്ന് എഴുന്നേല്ക്കാതിരിക്കാൻ അതിന്റെ മുൻകാൽ മുട്ടുകളിൽ കാലു വെച്ചുവെന്നാണ്. തന്നെക്കുറിച്ചുള്ള അല്ലാഹുവിന്റെ വഹ്‌യ്ക്ക്, തന്നെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമുണ്ടെന്ന ഹദ്റത്ത് ആഇശ(റ) പറഞ്ഞതുപോലെ! ഹദ്റത്ത് ആഇശ(റ)പറയുന്നു. എന്നെ സംബന്ധിച്ചിടത്തോളം ആ വഹ്‌യ്ക്ക് വളരെ പ്രാധാന്യമുണ്ടായിരുന്നു. ഞാനത് ഒട്ടും പ്രതീക്ഷിച്ചിരുന്നതല്ല. എന്തായാലും ഇതൊരു സുപ്രധാന സംഭവമായിരുന്നു. നബി(സ) തിരുമേനിയുടെ കുടുംബത്തിനുമേൽ വളരെ വലിയൊരു ആക്ഷേപമാണ് ഉന്നയിക്കപ്പെട്ടത്. ഹദ് റത്ത് ആഇശയ്ക്ക് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. തനിക്കു ഏറ്റവും കൂടുതൽ വെളിപാടിറങ്ങിയതും ഹദ്റത്ത് ആഇശായുടെ മുറിയിലായിരുന്നുവെന്നും നബി(സ) പറയുകയുണ്ടായിട്ടുണ്ട്. സൂറ നൂറിൽ ഈ ആക്ഷേപിക്കുന്നവരോടു ഉണ്ടാകേണ്ടിയിരുന്ന സത്യവിശ്വാസികളുടെ പ്രതികരണം എന്തായിരിക്കണം എന്നതിനെ കുറിച്ചും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധമായി പൂർണമായും 10, 11 വചനമുണ്ട്. എന്തായാലും ഹദ്റത്ത് ആഇശ(റ)ഏതു ആയത്താണോ ഉദ്ധരിച്ചത്, അതിനു തഫ്സീർ എഴുതിക്കൊണ്ടു ഈ സംഭവത്തിനു പുറമെ, ഹദീഥ് ഉദ്ധരിച്ച് ഞാൻ വിവരിച്ചുകഴിഞ്ഞിട്ടുള്ളത്– ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)കൂടുതൽ പറഞ്ഞിട്ടുള്ളത് ഞാൻ വിവരിക്കുകയാണ്. ഒന്നാമതായി ആദ്യത്തെ വചനം ഓതട്ടെ.

إِنَّ الَّذِينَ جَاءُوا بِالْإِفْكِ عُصْبَةٌ مِّنكُمْ ۚ لَا تَحْسَبُوهُ شَرًّا لَّكُم ۖ بَلْ هُوَ خَيْرٌ لَّكُمْ ۚ لِكُلِّ امْرِئٍ مِّنْهُم مَّا اكْتَسَبَ مِنَ الْإِثْمِ ۚ وَالَّذِي تَوَلَّىٰ كِبْرَهُ مِنْهُمْ لَهُ عَذَابٌ عَظِيمٌ ﴿١٢﴾

(24:12)

'തീർച്ചയായും ആ ഭയങ്കര നുണ ചമച്ചുണ്ടാക്കിയവർ നിങ്ങളിൽനിന്നുള്ള ഒരു സംഘമാണ്. നിങ്ങൾക്കത് ദോഷമാണെന്ന് വിചാരിക്കണ്ട. പ്രത്യുത നിങ്ങൾക്കത് ഗുണകരമാണ്. അവരിൽപ്പെട്ട ഓരോ വ്യക്തിക്കും അവൻ ചെയ്ത കുറ്റത്തിന്റെ ശിക്ഷ ലഭിക്കുന്നതാണ്. അവരിൽനിന്ന് കുറ്റത്തിന്റെ വലിയ ഭാഗത്തിന് ഉത്തരവാദിയായവനാരോ അവന് വളരെ വലിയ ശിക്ഷ ലഭിക്കുന്നതാണ്.' ഇതു കൂടാതെയും വേറേയും ആയത്തുകളുണ്ട്. വളരെ വിശദമായി വിവരിച്ചിരിക്കുന്നു. എന്തായാലും ഈ ആയത്തിനെഴുതിയ തഫ്സീറിൽ വീണ്ടും അവിടന്നെഴുതിയിരിക്കുന്നു: 'മദീനയിലെത്തിക്കഴിഞ്ഞപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്ബിൻ സലൂലും അയാളുടെ കൂട്ടുകാരും ഹദ്റത്ത് ആഇശ(റ) നഊദുബില്ലാഹ് മനഃപൂർവ്വം പിന്നിൽ തങ്ങുകയായിരുന്നുവെന്ന് പറഞ്ഞു പരത്തി; അവർക്ക് പിന്നീട് ഒട്ടകവുമായി വന്ന സ്വഫ്വാനുമായി ബന്ധമുണ്ടായിരുന്നു എന്നും പറഞ്ഞു.' എഴുതുന്നു: 'ഈ ബഹളം എത്രമാത്രം ഉയർന്നുവെന്നാൽ ചില സ്വഹാബിമാരും അജ്ഞതകൊണ്ട് അവരോടൊപ്പം ചേർന്നു. അവരിൽ ഒരാളായിരുന്നു ഹസ്സാൻ ബിൻ ഥാബിത്(റ). രണ്ടാമത്തെയാൾ മിസ്ത്വഹ് ബിൻ ഉഥാഥയായിരുന്നു. ഇപ്രകാരംതന്നെ ഒരു സ്വഹാബിയായുമുണ്ടായിരുന്നു ഹംന ബിൻത് ജഹ്ശ്. അവർ നബി(സ) തിരുമേനിയുടെ ഭാര്യാ സഹോദരിയായിരുന്നു. ഹദ്റത്ത് ആഇശാക്ക് ഈ വിപത്തിൽ കഠിനമായ വേദനയുണ്ടായിരന്നു. അവർ ചെറുപ്രായത്തിൽ അന്ധകാരനിബിഢമായ കാട്ടിൽ ഒറ്റപ്പെട്ടുപോയിരുന്നു. ആ വേദനകൊണ്ട് മദീനയിലെത്തിയപ്പോൾ അവർക്ക് സുഖമില്ലാതെയായി; ഒറ്റപ്പെട്ടപ്പോഴുണ്ടായ ഭയവും പേടിയും കാരണം.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതി: 'ഇതും അസുഖത്തിനുള്ള കാരണമാണ്. അവിടെ അവരെ സംബന്ധിച്ച് കപടവിശ്വാസികൾ കിച്ചടി ഉണ്ടാക്കിക്കൊണ്ടിരുന്നു. അവസാനം നബി(സ) തിരുമേനി ഈ വിവരം അറിഞ്ഞു. അദ്ദേഹത്തിന് ഹദ്റത്ത് ആഇശായുടെ രോഗം കണ്ട് അവരോടു ഒന്നും അന്വേഷിക്കാൻ പറ്റുമായിരുന്നില്ല. അതുകൊണ്ട് കപടവിശ്വാസികളെന്താണ് പറയുന്നതെന്ന് ചോദിച്ചതുമില്ല. അപ്പുറത്താണെങ്കിൽ ഓരോ ദിവസവും കാര്യങ്ങൾ കൂടിക്കൊണ്ടിരുന്നു.' ഹദ്റത്ത് ആഇശ(റ) പറയുന്നു: 'നബി(സ) തിരുമേനി വീട്ടിൽ വരുമ്പോൾ അദ്ദേഹത്തിന്റെ മുഖം വിളറിയിരിക്കുന്നത് കണ്ട് ഞാൻ അത്ഭുതപ്പെട്ടു. എന്നോട് സംസാരിക്കാറുമുണ്ടായിരുന്നില്ല.' പറയുന്നു: 'വളരെ പ്രയാസമുള്ള മുഖമായിരുന്നു. മറ്റുള്ളവരോടു എന്റെ വിവരം തിരക്കി പൊയ്ക്കളയുമായിരുന്നു.' ആഇശ(റ) പറയുന്നു: 'ഞാൻ നബിയുടെ അനുവാദത്തോടെ ഒരു ദിവസം എന്റെ മാതാപിതാക്കളുടെ അടുത്തുപോയി. പിന്നീട് അവിടേയും പ്രാഥമികാവശ്യത്തിനുപോയ ആ സംഭവം കേട്ടു. അവർ ബന്ധുവായിരുന്നു. അവരോടൊപ്പം പുറത്തുപോയിരുന്നു. അവർ തന്റെ മകൻ മിസ്ത്വഹിന്റെ പേരെടുത്തു, അവന് നാശമുണ്ടാകട്ടെ എന്ന് പറഞ്ഞു. അങ്ങനെ എന്തിനാണ് പറയുന്നതെന്ന് ഹദ്റത്ത് ആഇശ അവരോടു ചോദിച്ചു. അവർ പറഞ്ഞു: എങ്ങനെയാണ് പറയാതിരിക്കുക? അവൻ ഇത്തരം കാര്യങ്ങൾ പറയുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ' നിങ്ങളുടെമേൽ ആക്ഷേപമുണ്ടെന്ന് ആഇശയോടു പറയാൻ ആ സ്ത്രീ എന്തെങ്കിലും അവസരം സൃഷ്ടിക്കാൻ ആഗ്രഹിച്ചിരുന്നു. കാരണം ആഇശയ്ക്ക് അതറിയില്ലായിരുന്നു. ഹദ്റത്ത് ആഇശ ഇക്കാര്യം കേട്ടപ്പോൾ അവർക്ക് വളരെ വിഷമമുണ്ടായി. മടങ്ങിവന്നു. തനിക്കു വലിയ വിഷമമുണ്ടെന്ന് അവർ ആദ്യമേ പറഞ്ഞിരുന്നുവല്ലോ. ഒരുവിധത്തിൽ വീട്ടിലെത്തി, എന്നാൽ, അതിന്റെ ഫലമായി രോഗം മൂർച്ഛിച്ചു.'

എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടർന്ന് വിവരിക്കുന്നു: 'നബി(സ) തിരുമേനി ഹദ്റത്ത് ഉമറിനേയും അലിയേയും ഉസാമ ബിൻ സയ്ദിനേയും വിളിച്ച് എന്തു ചെയ്യണമെന്ന് കൂടിയാലോചിച്ചു. ഹദ്റത്ത് ഉമറും ഹദ്റത്ത് ഉസാമയും പറഞ്ഞു: 'ഇതു കപടവിശ്വാസികൾ പറഞ്ഞുപരത്തിയിട്ടുള്ള കാര്യമാണ്. ഇതിൽ വസ്തുതയൊന്നുമില്ല.' പക്ഷേ, ഹദ്റത്ത് അലിയുടെ സ്വഭാവം കഠിനമായിരുന്നു. അദ്ദേഹം പറഞ്ഞു: 'കാര്യം എന്തുമായിക്കൊള്ളട്ടെ. ഇങ്ങനെ അപവാദമുണ്ടായിട്ടുള്ള ഒരു സ്ത്രീയുടെ ആവശ്യം താങ്കൾക്കെന്താണ്?' അതിനോടൊപ്പം താങ്കൾ ആ അടിമപെണ്ണിനോടു ചോദിക്കാനും പറഞ്ഞു; എന്തെങ്കിലും കാര്യമുണ്ടായിട്ടുണ്ടെങ്കിൽ അവൾ പറയും. നബി(സ) തിരുമേനി ഹദ്റത്ത് ആഇശായുടെ സേവക ബരീറായോടു ചോദിച്ചു, 'നിനക്ക് ആഇശയുടെ എന്തെങ്കിലും തെറ്റ് അറിയുമോ?' അവൾ പറഞ്ഞു: 'പ്രായം കുറഞ്ഞ കാരണത്താൽ അവർ പെട്ടെന്ന് ഉറങ്ങിപ്പോകുമെന്നല്ലാതെ മറ്റൊരു ന്യൂനതയും എനിക്കറിയില്ല.' പിന്നീട് മുമ്പേ പറഞ്ഞ കാര്യം പറഞ്ഞു. നബി(സ) തിരുമേനി അതുകഴിഞ്ഞ് പുറത്തുവന്നു. സ്വഹാബാക്കളെ ഒരുമിച്ചുകൂട്ടി. വേദനയുണ്ടാക്കിയ ആ വ്യക്തിയിൽനിന്ന് രക്ഷിക്കാൻ ആരെങ്കിലുമുണ്ടോ?' എന്നു ചോദിച്ചു. ആ വ്യക്തി എന്നുദ്ദേശിച്ചത് അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സലൂലായിരുന്നു;

അയാളാണ് വിഷമമുണ്ടാക്കിയത്. ഹദ്റത്ത് സഅ്ദ് ബിൻ മുആദ് ഔസ് ഖബീലയുടെ നേതാവായിരുന്നു. അദ്ദേഹം എഴുന്നേറ്റു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അയാൾ ഞങ്ങളിൽ പെട്ടയാളാണെങ്കിൽ ഞങ്ങൾ അയാളെ വധിക്കാൻ തയ്യാറാണ്. ഇനി അയാൾ ഖസ്റജ് ഗോത്രത്തിൽപ്പെട്ടയാളാണെങ്കിൽ അപ്പോഴും അയാളെ വധിക്കാൻ ഞങ്ങൾ തയ്യാറാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ശയ്ത്വാൻ എപ്പോഴും ഫിത്ന ഉണ്ടാക്കിക്കുന്നതിനു വേണ്ടി അവസരം പാർത്തിരിക്കുന്നു. ആ അവസരത്തിലും ശയ്ത്വാൻ വെറുതെ ഇരുന്നില്ല. നബി(സ)തിരുമേനിക്ക് എത്ര വിഷമമുണ്ടായി എന്ന ചിന്ത ഖസ്റജിനുണ്ടായില്ല. സഅ്ദ് ബിൻ മുആദ് ഇതു പറഞ്ഞപ്പോൾ, മറ്റേ ഗോത്രത്തിന് ദ്വേഷം വന്നു. അങ്ങനെ സഅ്ദ് ബിൻ ഉബാദ എഴുന്നേറ്റുനിന്നു. അദ്ദേഹം സഅ്ദ് ബിൻ മുആദിനോടു പറഞ്ഞു: 'നിങ്ങൾക്ക് ഞങ്ങളുടെ ആളുകളെ കൊല്ലാൻ കഴിയില്ല. അങ്ങനെ ചെയ്യാൻ നിങ്ങൾക്ക് കഴിവുമില്ല.' ഈ സംസാരത്തിന്നിടയിൽ മറ്റു സ്വഹാബിമാരും എഴുന്നേറ്റു. അവർ പറഞ്ഞു: 'ഞങ്ങൾ അയാളെ വധിക്കുന്നതാണ്. ആർക്കാണ് അയാളെ രക്ഷിക്കാൻ കഴിയുന്നതെന്ന് നോക്കാം.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. പോരാട്ടം സംസാരത്തിൽ മാത്രം നില്ക്കുന്നതിനുപകരം ഔസുകാരും ഖസ്റജുമാകരും വാളുകൾ ഉറകളിൽനിന്ന് പുറത്തെടുക്കാൻ തുടങ്ങി; യുദ്ധം തുടങ്ങാൻ പോകുകയായിരുന്നു. നബി(സ)തിരുമേനി വളരെ പ്രയാസപ്പെട്ട് അവരെ തണുപ്പിച്ചു. ആരാണോ നബി(സ)തിരുമേനിയെ വിഷമിപ്പിച്ചത് അയാളെ തങ്ങൾ കൊല്ലുമെന്ന് ഔസ് ഗോത്രക്കാർ പറഞ്ഞു. നിങ്ങൾക്കിത് ആത്മാർഥതയോടെ ചെയ്യാൻ കഴിയില്ലെന്ന് ഖസ്റജ് ഗോത്രക്കാർ പറഞ്ഞിരുന്നു; കാരണം അയാൾ ഞങ്ങളിൽപ്പെട്ടയാളാണെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ടാണ് ഇക്കാര്യം പറയുന്നത്. എന്തായാലും അവരിരുകൂട്ടർക്കും നബി(സ)തിരുമേനിയോടു സ്നേഹമുണ്ടായിരുന്നുവെന്ന് സ്ഥാപിതമായി. എന്നാൽ, ശയ്ത്വാൻ അവർക്കിടയിൽ കുഴപ്പമുണ്ടാക്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ആ നേരത്തെ അവസ്ഥയെക്കുറിച്ച് ഓരോ വ്യക്തിക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്; അതെത്രമാത്രം ഭയാനകമായ അവസ്ഥയായിരിക്കുമെന്ന്. ഒരുഭാഗത്ത് നബി(സ)തിരുമേനിക്ക് വിഷമം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മറുഭാഗത്ത് മുസ്‌ലിംകൾ പരസ്പരം വാളെടുക്കുന്ന അവസരമുണ്ടാകുന്നു. ശയ്ത്വാൻ ചില ഘട്ടങ്ങളിൽ നന്മകളിലും ഈ അവസ്ഥ ഉണ്ടാക്കാറുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പിന്നീട് എഴുതുന്നു: 'ഹദ്റത്ത് ആഇശയോടു ഇക്കാര്യങ്ങൾ ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'ഞാൻ സമ്മതിക്കുകയാണെങ്കിൽ കളവ് പറയുകയായിരിക്കും. എന്നെ നിരപരാധിയായി സ്ഥാപിക്കുകയാണെങ്കിൽ ആളുകൾ വിശ്വസിക്കുകയുമില്ല. ഈ നേരത്ത് ഹദ്റത്ത് യൂസുഫിന്റെ പിതാവ് പറഞ്ഞതാണ് ഞാനും പറയുന്നത്. **ഫസ്വബ്റുൻ ജമീലുൻ വല്ലാഹുൽമുസ്തആനു**(യൂസുഫ് 19) നല്ലരീതിയിൽ ക്ഷമിക്കുക എന്നതുതന്നെയാണ് ഉത്തമം. ഇതിനുവേണ്ടി അല്ലാഹുവിൽനിന്നു മാത്രമെ സഹായം തേടാൻ പറ്റുകയുള്ളൂ.' പറയുന്നു: താൻ അവിടെനിന്നെഴുന്നേറ്റ് കിടക്കയിൽ വന്നുവെന്ന് ഹദ്റത്ത് ആഇശ പറഞ്ഞു. അപ്പോഴാണ് ഞാനിപ്പോൾ ഓതിയ വചനം ഇറങ്ങിയത്: 'ഭയാനകമായ കളവ് പറഞ്ഞവർ നിങ്ങളിൽപെട്ട ഒരു വിഭാഗമാണ്. എന്നാൽ, നിങ്ങൾ അവരുടെ ഈ ആക്ഷേപങ്ങളെ നിങ്ങൾക്ക് മോശമാണെന്ന് മനസ്സിലാക്കരുത്. മറിച്ച് നന്മയാണെന്ന് മനസ്സിലാക്കുക. കാരണം ഈ ആരോപണം കാരണത്താൽ അപരാധം പറഞ്ഞു പരത്തുന്നവർക്കുള്ള ശിക്ഷയെ സംബന്ധിച്ച് പെട്ടെന്ന് പറയപ്പെട്ടു. നിങ്ങൾക്ക് ഒരു യുക്തിനിർഭരമായ അധ്യാപനം കിട്ടി. തീർച്ചയായും അവരിൽ ഓരോ വ്യക്തിയും അവരവരുടെ പാപമനുസരിച്ച് ശിക്ഷ പ്രാപിക്കും. ആരാണോ ഈ പാപത്തിൽ വലിയ ഭാഗത്തിന്റെ ഉത്തരവാദി അയാൾക്ക് വലിയ ശിക്ഷ കിട്ടുന്നതായിരിക്കും. എന്തായാലും ഈ വഹ്‌യ് ഇറങ്ങിയതിനു ശേഷം നബി(സ)തിരുമേനിയുടെ മുഖം തെളിഞ്ഞു. അപ്പോൾ ഹദ്റത്ത് ആഇശ(റ) പറയുന്നു:

'എന്റെ ഉമ്മ പറഞ്ഞു, നബി(സ) തിരുമേനിക്ക് അഭിനന്ദനം പറയാൻ. അപ്പോൾ ഞാൻ പറഞ്ഞതു ഇതുതന്നെയാണ്. ഞാൻ അല്ലാഹുവിനെ അഭിനന്ദിക്കുന്നതായിരിക്കും.' (തഫ്സീറെ കബീർ, വാള്യം 6, പേജ് 269–271)

മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഉം ഒരിടത്തു ഒരു ഖുത്ബയിൽ പറഞ്ഞു: 'ഹദ്റത്ത് ആഇശയുടെമേൽ ആക്ഷേപം ഉന്നയിച്ച കാരണത്താൽ മൂന്ന് പേർക്ക് ചാട്ടവാർ അടികിട്ടി. അവരിൽ ഒരാൾ ഹസ്സാൻ ബിൻ ഥാബിത്തായിരുന്നു. അദ്ദേഹം നബി(സ) തിരുമേനിയുടെ വലിയ കവിയായിരുന്നു. ഒരാൾ മിസ്ത്വാഹായിരുന്നു. അദ്ദേഹം ഹദ്റത്ത് ആഇശായുടെ കൊച്ചാപ്പായുടെ മകനും ഹദ്റത്ത് അബൂബക്കറിന്റെ മാതൃസഹോദരിപുത്രനുമായിരുന്നു. അദ്ദേഹം ദാരിദ്ര്യം കൊണ്ട് ഹദ്റത്ത് അബൂബക്കറിന്റെ വീട്ടിൽതന്നെയായിരുന്നു താമസിച്ചിരുന്നത്. അദ്ദേഹത്തിന് വസ്ത്രം നല്കിയിരുന്നതും അബൂബക്കറായിരുന്നു. ഒരു സ്ത്രീയുമുണ്ടായിരുന്നു. ഈ മൂന്നുപേർക്കും ശിക്ഷ കിട്ടി. (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 18, പേജ് 279–280)

സുനൻ അബീദാവൂദിൽ ഈ ശിക്ഷയെക്കുറിച്ച് പറയുന്നുണ്ട്. (സുനൻ അബൂദാവൂദ്, കിതാബുൽ ഹുദൂദ്, ബാബു ഹദ്ദുൽഖാസിഫ് ഹദീഥ് 4474–4475) എന്തായാലും ചിലരുടെ പക്കൽ ഈ ശിക്ഷയുണ്ടായി. ചിലർ പറയുന്നത് ശിക്ഷ ഉണ്ടായിട്ടില്ലെന്നാണ്. (തഫ്സീറുൽ ഖുർത്വബി, ഭാഗം 15, പേജ് 169, സൂറത്തുന്നൂർ, പ്രസാധകർ മുഅസ്സസത്തുർരിസാല, ബേറൂത്ത് 2006). പക്ഷേ, ഈ ശിക്ഷ കിട്ടിയവർക്ക് അല്ലാഹു മാപ്പുനല്കി. ഭൗതികമായ ശിക്ഷ എന്തായാലും കിട്ടണമായിരുന്നു. അതുകിട്ടി. പിന്നീട് നടന്ന യുദ്ധങ്ങളിലും ഇവർ പങ്കെടുത്തു. ഈ മിസ്ത്വഹ് ഒരു ബദ്‌രീ സ്വഹാബിയായിരുന്നു. അദ്ദേഹത്തിന് വലിയൊരു സ്ഥാനമുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിന് ശുഭപര്യവസാനം നല്കി. ആ സ്ഥാനത്ത് നിലനിറുത്തി. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

(പേജ് 2ൽനിന്ന്)

'ഈ അധ്യാപനങ്ങൾ കാരണമായാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രകൃതിദുരന്തങ്ങളുണ്ടായ രാജ്യങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് വളണ്ടിയർമാരെ സഹായാർഥം അയക്കുന്നത്. മതവ്യത്യാസങ്ങളും മറ്റു പശ്ചാത്തലങ്ങളും പരിഗണിക്കാതെ അനാഥകളെ സംരക്ഷിക്കുന്നു. ഞങ്ങൾ അങ്ങനെയുള്ള നിരവധി സേവനങ്ങൾ ചെയ്യുന്നു. ആഫ്രിക്കയിൽ ദരിദ്രരായവരെ സഹായിക്കുന്നു.'

മറ്റൊരവസരത്തിൽ മറ്റുള്ളവരെ സേവിക്കുന്നത് ആരാധനയുടെ അവിഭാജ്യഘടകമായി സംസാരിക്കവെ, ഖലീഫ തിരുമനസ്സ് പറഞ്ഞു:

"അവഗണിക്കപ്പെട്ടവരേയും ദരിദ്രരേയും സഹായിക്കാൻ തുനിയാത്ത ഒരു വ്യക്തിയുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല. അനാഥരുടെ അവകാ ശങ്ങൾ നിറവേറ്റിക്കൊടുക്കാത്ത വ്യക്തിയുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല. എല്ലാ രൂപത്തിലുള്ള അടിമത്തത്തേയും അവസാനിപ്പിക്കാൻ കഠിനപരിശ്രമം ചെയ്യാത്ത ഒരു വ്യക്തിയുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല. തമ്മിൽ കാരുണ്യം കാണിക്കാത്ത ദൈവസൃഷ്ടികളോട് കാരുണ്യം കാണിക്കാത്ത ഒരു വ്യക്തിയുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല."

അങ്ങനെ മസ്ജിദിന്റെ പ്രാധാന്യത്തിന്റേയും യഥാർത്ഥ ലക്ഷ്യങ്ങളുടേയും വെളിച്ചത്തിൽ ഒരാൾ ഭയപ്പെടേണ്ട ഒന്നുമുണ്ടാവരുത്. വിശേഷിച്ചും മസ്ജിദ് പ്രധാനവും കേന്ദ്രസ്ഥാനീയവുമായ പങ്കാണ് മുഴുസമുദായത്തിലും വഹിക്കുന്നത്, അത് മുസ്‌ലിംകളാവട്ടെ, അമുസ്‌ലിംകളാവട്ടെ. ഇസ്‌ലാമിന്റെ വിശുദ്ധപ്രവാചകൻ(സ) ഒരിക്കൽ പറയുകയുണ്ടായി: 'സർവ്വശക്തനായ ദൈവത്തിന്റെ ദൃഷ്ടിയിൽ ഏറ്റവും മനോഹരവും ആകർഷകവുമായ കെട്ടിടം മസ്ജിദിന്റെ കെട്ടിടമാണ്.' യഥാർഥത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമിച്ച മസ്ജിദുകൾ ആ പ്രദേശത്തിന്റെ മനോഹാരിതക്ക് മാറ്റുകൂട്ടുന്നു. ശില്പചാതുരിയുടെ വീക്ഷണത്തിൽ മാത്രമല്ല ആത്മീയസൗന്ദര്യത്തിന്റെ വീക്ഷണത്തിലും. ജർമനിയിലെ ഒരു മസ്ജിദ് ഉദ്ഘാടനവേളയിൽ ഖലീഫ തിരുമനസ്സ് പറഞ്ഞു:

'അവർ മസ്ജിദിൽ ഒരു വൃക്ഷം നട്ടതായി അവിടെത്തെ മേയർ സൂചിപ്പിച്ചു. വൃക്ഷങ്ങൾ നടുന്നത് പരിസ്ഥിതിയെ മനോഹരമാക്കാനാണ്. അവയിൽ ഫലങ്ങളുണ്ടാകുന്നു. ചുറ്റുപാടുകൾ പച്ചളിപ്പുള്ളതും സന്തുഷ്ടവുമാക്കുന്നു. ഈ ദിവസങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തിന് ഊന്നൽ നല്കിയിട്ടുണ്ട്. പരിസ്ഥിതി മലിനീകരണത്തിന്റെ കാര്യവും കണക്കിലെടുത്തിട്ടുണ്ട്. അതിനാൽ ധാരാളം വൃക്ഷങ്ങൾ നടപ്പെടുന്നു. എന്നിരിക്കിലും ഭൗതികവൃക്ഷങ്ങൾ കൂടാതെ സ്നേഹത്തിന്റെ വൃക്ഷങ്ങൾ നടാൻ ഞങ്ങൾ പരിശ്രമിക്കുന്നു. പ്രദേശത്തെ മനോഹരമാക്കാനും അന്തരീക്ഷം വൃത്തിയാക്കാനും ഫലങ്ങൾ കായ്ക്കാനും വൃക്ഷം നടുന്നതിനു പുറമെ ആ വൃക്ഷങ്ങളിൽ സ്നേഹത്തിന്റെ പഴങ്ങൾ കായ്ക്കുകയും ചെയ്യുന്നു. ഞങ്ങളിൽനിന്ന് ഞങ്ങളുടെ അയൽവാസികൾ സ്നേഹവും മമതയും തങ്ങളുടെ അവകാശപൂർത്തീകരണവും സ്വീകരിക്കുന്നു. അപ്രകാരം ഒരു വൃക്ഷത്തിന് ഭൗതികമായ താദാത്മ്യമുണ്ട്. അതുപോലെ ഒരു വൃക്ഷത്തിന് ആത്മീയതാദാത്മ്യവുമുണ്ട്. അത് ഞങ്ങൾ മനസ്സിൽ കരുതുന്നു. ഓരോ അഹ്മദിയും അത് മനസ്സിൽ കരുതണം.'

യഥാർഥത്തിൽ, ലോകത്തങ്ങോളമിങ്ങോളം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമിച്ചിട്ടുള്ള മസ്ജിദുകൾ ദൈവത്തിന്റെ ഏകത്വത്തിന്റെ മാത്രം പ്രതീകമല്ല, മനുഷ്യകുലത്തോടുള്ള സ്നേഹത്തിന്റെ പരിശുദ്ധവും നിരുപാധികവുമായ പ്രകടനത്തിന്റെ പ്രതീകം കൂടിയാണ്. അടിസ്ഥാനപരമായ ഈ രണ്ട് മൂലകങ്ങളാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ അടിത്തറ. അപ്രകാരം അഹ്മദി മുസ്‌ലിംകൾ എവിടെയാണോ ആരാധനക്കായി കൂടിച്ചേരുന്നത്, അത് സമാധാനം പ്രചരിപ്പിക്കാനും തങ്ങളുടെ അയൽസമുദായങ്ങളെയും വിപുലമായ സമൂഹത്തെയും സേവിക്കാനുമാണ്.(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, ഒക്ടോബർ 2018).

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## ഖുത്ബ ജുമുഅ

# "അല്ലാഹു വിളിക്കുക എന്നതും ഒരു ഫള്ലാണ്"

**❋കാലത്തിന്റെ ഖലീഫ ഏതൊരു ജോലി ഏല്പിച്ചാലും അല്ലാഹുവിന്റെ സഹായത്താൽ അത് പൂർത്തിയാക്കണമെന്നതുമാത്രമാണ് എന്റെ ആഗ്രഹം."**

**❋മനുഷ്യന്റെ പരിശ്രമവും അധ്വാനവുമൊന്നും ഒരു വസ്തുവുമല്ല. ഇതാണ് എന്റെ ജീവിതത്തിന്റെ ചുരുക്കം. എന്തൊന്നാണോ ഉള്ളത് അല്ലാഹുവിന്റെ ഫള്ലാണ്. പിന്നെ ഖിലാഫത്തുമായി ബന്ധിക്കപ്പെട്ടതും."**

**ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യോടു സ്നേഹമുള്ള വ്യക്തി, ഹദീഥ് പണ്ഡിതൻ, ഖിലാഫത്തിനോടു സ്നേഹവും ബഹുമാനവുംകൊണ്ട് നിർഭരൻ, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഏറ്റവും മൂത്ത പവിത്രൻ, ഹദ്റത്ത് മുബാറക്ക ബീഗം സാഹിബയുടേയും നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റേയും ദൗഹിത്രൻ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)ന്റെ മൂത്ത പുത്രൻ, അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ മാതുലന്റെ മകൻ, തന്റെ ജിവിതത്തിൽത്തന്നെ അല്ലാഹുവിൽനിന്ന് മഗ്ഫിറത്തിന്റേയും കാരുണ്യത്തിന്റേയും സുവിശേഷം അറിഞ്ഞയാൾ, വാഖ്ഫെ സിന്ദഗീ എന്ന നിലയിൽ അരനൂറ്റാണ്ടിലധികവും അവസാന ശ്വാസംവരേയും ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടിയ വ്യക്തി, കഠിനാധ്വാനി, കർമാനുഷ്ഠാനിയായ പണ്ഡിതൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലേക്ക് തർജമ ചെയ്ത വിവർത്തകൻ, വക്കീലുൽ ഇശാഅത്ത് തഹ്രീക്കെ ജദീദ് അഞ്ചുമൻ അഹ്മദിയ്യ റബ്വ സാഹിബ് സാദ മിർസാ അനസ് അഹ്മദ് സാഹിബിന്റെ ദേഹവിയോഗവും അനുസ്മരണവും ഗാഇബ് നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ഡിസംബർ 21/1397 ഫത്ഹ് 21**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ആദ്യം കുറച്ച് ബദ്രീ സ്വഹാബാക്കളേയും അതിനുശേഷം കഴിഞ്ഞ ദിവസം വഫാത്തായ മിർസാ അനസ് അഹ്മദ് സാഹിബിനേയും കുറിച്ചു വിവരിക്കാമെന്നാണ് ഞാൻ കരുതിയത്. പക്ഷേ, ആളുകൾ ഒരുപാട് കത്തുകൾ എനിക്കെഴുതുകയും സ്മരിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തെ കുറിച്ച് പറയാമെന്ന് ഞാൻ മനസ്സിലാക്കി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് റഹ്മഹുല്ലായുടെ മൂത്ത മകൻ മിർസാ അനസ് അഹ്മദ് സാഹിബ് കഴിഞ്ഞദിവസം 81-ാം വയസ്സിൽ റബ്വയിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഏറ്റവും മൂത്ത പവിത്രനായിരുന്നു. ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബയുടേയും നവാബ് മുഹമ്മദ് അലിഖാൻ സാഹിബിന്റേയും ദൗഹിത്രനായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹം എന്റെ മാതുലന്റെ മകനായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലായിരുന്നു. പിന്നീട് റബ്വയിൽ പഠനം പൂർത്തിയാക്കി, പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. പാസായി. അതിനുശേഷം കുറച്ചുകാലം അവിടെ കോളേജിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് ഇവിടെ ഇംഗ്ലണ്ടിലെ ഓക്സഫോർഡ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.എ. പാസായി. 1955ൽ അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തു. 1962-ൽ കർമപരമായ ജീവിതത്തിൽ ചുവടുവച്ചു. അത്യധ്വാനത്തോടെ വിവിധ വകുപ്പുകളിൽ അദ്ദേഹം ജോലി ചെയ്തു. വലിയ ധൈര്യത്തോടും താൽപര്യത്തോടും അധ്വാനത്തോടുംകൂടി ജോലി ചെയ്യുന്ന ശീലമായിരുന്നു. ഹദീഥ് ജ്ഞാനത്തിലും തത്ത്വശാസ്ത്രത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും വലിയ അഗാധമായ പഠനമായിരുന്നു അദ്ദേഹത്തിന്റേത്. ഹദീഥിനോടു പ്രത്യേകമായ നിലയിൽ തീവ്രമായ സ്നേഹമായിരുന്നു. സ്വന്തം താൽപര്യത്താൽ ഹദീഥിന്റെ പ്രാഥമിക വിദ്യാഭ്യാസം ബഹുമാനപ്പെട്ട മൗലവി പരേതനായ ഖുർശീദ് അഹ്മദ് സാഹിബിൽനിന്ന് അദ്ദേഹം കരസ്ഥമാക്കി. തന്റെ വീട്ടിലും അദ്ദേഹത്തിന് വലിയൊരു നല്ല ലൈബ്രറിയുണ്ടായിരുന്നു. അമൂല്യങ്ങളായ ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരുന്നു. വായനയോടു വലിയ താൽപര്യമായിരുന്നു. ഏതെങ്കിലും വിദ്യാർഥി ഏതു വകുപ്പിൽപെട്ടയാളായാലും മാർഗദർശനം തേടി വന്നാൽ വലിയ അറിവുകൾ പറഞ്ഞുകൊടുക്കുമായിരുന്നു. ഹദീഥുകളുടെ സുപ്രധാനവും അടിസ്ഥാനപരവുമായിട്ടുള്ള ഗ്രന്ഥങ്ങളും സെറ്റും അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. വിവിധ ഗ്രന്ഥാലയങ്ങളിൽനിന്നാണ് അദ്ദേഹം അതു സംഘടിപ്പിച്ചിരുന്നത്.

1955-ൽ ജീവിതം വഖ്ഫ് ചെയ്തപ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അദ്ദേഹത്തെ കുറിച്ച് പറഞ്ഞു: "ഞാൻ ജമാഅത്തിൽ വഖ്ഫ് പദ്ധതിക്ക് തുടക്കം കുറിച്ചതിനുശേഷം എന്റെയടുത്ത് മൂന്ന് അപേക്ഷകൾ വന്നു. ഒന്ന് എന്റെ പവിത്രൻ മിർസാ അനസ് അഹ്മദിന്റേതായിരുന്നു. അവൻ അസീസം മിർസാ നാസിർ അഹ്മദ് സാഹിബന്റെ മകനാണ്. അല്ലാഹു അവന് തന്റെ നിയ്യത്ത് പൂർത്തിയാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ." അനസ് അഹ്മദ് എഴുതിയിരിക്കുന്നു: "നിയമപഠനത്തിനുശേഷം എന്റെ ജീവിതം വഖ്ഫ് ചെയ്യാമെന്നായിരുന്നു ഞാൻ തീരുമാനിച്ചിരുന്നത്. പക്ഷേ, ഇനി അങ്ങയ്ക്ക് എവിടെ വേണമെങ്കിലും എന്നെ നിയോഗിക്കാം. ഞാൻ എന്തിനും തയ്യാറാണ്."(ഖുത്ബാത്തെ മഹ്മൂദ് വാല്യം 36, പേജ് 194, ഖുത്ബ ജുമുഅ 14-10-1955)

അല്ലാഹുവിന്റെ കൃപയാൽ 56 വർഷംവരെ ജമാഅത്തിന്റെ വിവിധ ഓഫീസുകളിൽ സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടി. അദ്ദേഹത്തിന്റെ പ്രാഥമിക നിയമനം തഅ്ലീമുൽ ഇസ്ലാം കോളേജിൽ ലക്ച്ചറർ ആയിട്ടായിരുന്നു. പിന്നെ 1975-ൽ നാഇബ് നാളിർ ഇസ്ലാഹ് വ ഇർശാദായി നിയമിതനായി. പിന്നീട് അഡീഷണൽ നാളിർ ഇസ്ലാഹ് വ ഇർശാദായി നിയമിതനായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റേയും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റേയും ആദ്യത്തെ യൂറോപ്യൻ പര്യടന വേളയിൽ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്നു. ജാമിഅ അഹ്മദിയ്യായുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. കുറച്ചു വർഷം നാളിർ തഅ്ലീമുമായിരുന്നു. നാഇബ് നാളിർ ദീവാനുമായിരുന്നു. ഇപ്പോൾ തഹ്രീക്കെ ജദീദിൽ വക്കീലുത്തസ്നീഫായി ജോലി ചെയ്തുവരികയായിരുന്നു. പിന്നീട് മാർച്ച് 1999ൽ വക്കീലുൽ ഇശാഅത്തായി നിയമിതനായി.1997ൽ അദ്ദേഹം റിട്ടയേർഡായിരുന്നുവെങ്കിലും അവസാനശ്വാസംവരെ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ്യായിലും അൻസ്വാറുല്ലാഹ് മർക്കസിയ്യായിലും വിവിധ സേവനങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടി. 'ബറാഹീനെ അഹ്മദിയ്യാ'യും 'മഹ്മൂദ് കി ആമീ'നും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അത് പ്രസിദ്ധീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഈയിടെയായി 'സുർമ ചശ്മ ആര്യ, ഇസ്ലെ ഔഹാം, ദുർറെ ഥമീൻ' എന്നീ ഗ്രന്ഥങ്ങളുടെ ഇംഗ്ലീഷ് തർജമയുടെ പുനഃപരിശോധനാ ജോലി ചെയ്തുവരികയായിരുന്നു. നമ്മുടെ സ്കൂൾ ദേശസാൽക്കരിക്കപ്പെട്ടതിനുശേഷം നാസിർ ഫൗണ്ടേഷനുകീഴിൽ ജമാഅത്ത് സ്കൂൾ തുടങ്ങിയപ്പോൾ അതിന്റെ ചെയർമാനുമായിരുന്നു. മജ്ലിസെ ഇഫ്തായുടെ അംഗവുമായിരുന്നു. നൂർ ഫൗണ്ടേഷൻ സ്ഥാപിച്ചിരുന്നത് ഹദീഥു ഗ്രന്ഥങ്ങൾ ജമാഅത്തുപരമായ നിലയിൽ പ്രസിദ്ധീകരിക്കുന്നതിനും തർജമയും വ്യാഖ്യാനവും എഴുതുന്നതിനുമായിരുന്നു. ഇദ്ദേഹം മുസ്നദ് അഹ്മദ് ബിൻ ഹമ്പലിന്റെ ഉർദു തർജമ ചെയ്തുവരികയായിരുന്നു.

വിഭജനകാലത്ത് ഖാദിയാനിൽനിന്ന് ഹിജ്റത്തുണ്ടായ സന്ദർഭത്തിലെ ഇദ്ദേഹവുമായി ബന്ധപ്പെട്ട ഒരു സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുകയുണ്ടായി. ഈ ചരിത്രപരമായ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ സ്വന്തം ത്യാഗമായിരുന്നു. അതിന്റെ സ്മരണ ഇടയ്ക്കു വന്നതുകൊണ്ട് ഞാൻ അത് കേൾപിക്കുകയാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഞങ്ങൾ ഖാദിയാനിൽനിന്ന് വരു

മ്പോൾ സാമ്പത്തിക ഞെരുക്കം കാരണത്താൽ മറ്റുള്ളവർക്ക് ലങ്കറിൽനിന്ന് കിട്ടുന്നതുപോലെ നിങ്ങൾക്കും ആളോഹരി ഓരോരോ റൊട്ടിമാത്രമെ തരികയുള്ളുവെന്ന് ഞാൻ എന്റെ വീട്ടുകാരോടു പറഞ്ഞിരുന്നു. (കാരണം അവസ്ഥകൾ മോശമായിരുന്നു. അതുകൊണ്ട് റേഷൻ നിശ്ചയിച്ചിരുന്നു). പറഞ്ഞു:ആ ദിനങ്ങളിൽ സാമ്പത്തികഞെരുക്കം കാരണത്താൽ ഓരോരോ റൊട്ടിമാത്രമെ ഓരോരുത്തർക്കും നല്കുകയുള്ളുവെന്ന് ഞാൻ എന്റെ വീട്ടുകാരോടും പറഞ്ഞിരുന്നു.' പറയുന്നു: 'ഒരു ദിവസം എന്റെ പൗത്രൻ മിർസാ അനസ് അഹ്മദ് കരഞ്ഞുകൊണ്ട് എന്റെ അടുത്തുവന്നു. ഒരു റൊട്ടികൊണ്ട് തന്റെ വയർ നിറയുകയില്ലെന്ന് ഇവൻ പറയുന്നുവെന്ന് എന്നോടു പറയപ്പെട്ടു. ഞാൻ പറഞ്ഞു, ഞാനെന്തായാലും ഒരു റൊട്ടിയെ നല്കുകയുള്ളു. അവന്റെ വയർ ഒരു റൊട്ടികൊണ്ട് നിറയുന്നില്ലെങ്കിൽ എനിക്ക് പകുതി റൊട്ടി നല്കുക. ബാക്കിയുള്ള എന്റെ പകുതി റൊട്ടി ഇവന് കൊടുക്കുക. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പിന്നീടു പറഞ്ഞു:'ഇങ്ങനെ ഞാൻ പകുതി റൊട്ടികൊണ്ട് ജീവിച്ചുകൊള്ളാം. ഇവൻ ഒന്നര റൊട്ടി തിന്നുന്നതായിരിക്കും.' അവിടന്ന് പറയുന്നു: 'അതിഥികൾക്ക് ഒരു റൊട്ടിയുടെ നിബന്ധന ഇല്ലാതാകുമ്പോൾ പിന്നീട് ഞാൻ വീട്ടുകാർക്കും ആളോഹരി റൊട്ടിയുടെ എണ്ണം വർധിപ്പിക്കുന്നതായിരിക്കും. പക്ഷേ, അതിഥികൾക്ക് ഒരു റൊട്ടിയുടെ നിബന്ധന നിലനില്ക്കുവോളം എന്റെ റൊട്ടിയുടെ പകുതി ഇവന് കൊടുക്കുക.' അവിടന്ന് പറയുന്നു: 'പിന്നീട് അല്ലാഹു കൃപ ചൊരിഞ്ഞു. സിന്ധിലെ കൃഷിയിടത്തെ വിളവ് നന്നായിത്തീർന്നുവെന്നു മാത്രമല്ല, അല്ലാഹു വരുമാനത്തിന്റെ മറ്റു മാർഗങ്ങളും തുറന്നു തന്നു. ഈ നിയന്ത്രണം പിന്നീട് ഇല്ലാതായി.'(ഖുത്‌ബാത്തെ മഹ്മൂദ്, വാള്യം 37, പേജ് 53, ഖുത്‌ബ ജുമുഅ 3-2-1956)

അദ്ദേഹത്തിന്റെ ജാമാതാവ് മിർസാ വഹീദ് അഹ്മദ് സാഹിബ് എഴുതുന്നു: "ഒരിക്കൽ ഞാൻ ബുഖാറ, സമർഖന്ദ് എന്നീ സ്ഥലങ്ങളിൽ യാത്ര പോകുകയായിരുന്നു. അപ്പോൾ മിർസാ അനസ് അഹ്മദ് സാഹിബ് എന്നോടു പറഞ്ഞു: 'അവിടെ നീ പോയാൽ ഇമാം ബുഖാരിയുടെ ഖബ്റിങ്കൽ പോകണം. എനിക്കുവേണ്ടി ദുആ ചെയ്യുകയും സലാം പറയുകയും വേണം. അദ്ദേഹം നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങളുടേയും സംഭവങ്ങളുടേയും ഖജനാവ് സമാഹരിച്ച് നമ്മളോളമെത്തിച്ചയാളാണ്. അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുകയും സലാമെത്തിക്കുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ അവകാശമാണ്."

ഡോക്ടർ നൂരീ സാഹിബെഴുതുന്നു: "ഒരുപാടു കാലം അദ്ദേഹത്തെ നോക്കുവനുള്ള അവസരം കിട്ടിയിട്ടുണ്ട്. ഏതൊരു ജോലി അദ്ദേഹത്തെ ഏൽപിച്ചാലും ഒരു ആവേശത്തോടുകൂടി അദ്ദേഹം അത് ചെയ്തുതീർക്കുമായിരുന്നു. അത്യധ്വാനത്തോടും കഠിന പരിശ്രമത്തോടും ഉത്സാഹത്തോടും കൂടി തന്റെ ജോലി ചെയ്തുതീർക്കുമായിരുന്നു." അദ്ദേഹം പറയുന്നു: "ക്ഷീണവും രോഗവുമുണ്ടായിട്ടും മണിക്കൂറുകളോളം ലാപ്ടോപ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ തർജമ ചെയ്തിരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. മണിക്കൂറുകളോളം കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്തിരിക്കുന്നതും അദ്ദേഹത്തിന്റെ കൂട്ടുകാർ വിശുദ്ധ ഖുർആന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഉദ്ധരണികളുമായി അദ്ദേഹത്തിന്റെ അടുത്തു നിൽക്കുന്നതും കണ്ടിട്ടുണ്ട്. അധികവും അദ്ദേഹം പറയുമായിരുന്നു, 'എന്റെ ആഗ്രഹം ഒന്നുമാത്രമേയുള്ളൂ. ഏതൊരു ജോലി കാലത്തിന്റെ ഖലീഫ എന്നെ ഏല്പിച്ചാലും അല്ലാഹുവിന്റെ സഹായത്താൽ അതെനിക്ക് പൂർത്തിയാക്കണം.' നൂരി സാഹിബ് പറയുന്നു:'അദ്ദേഹത്തിന്റെ ഓർമശക്തിയും സ്തുത്യർഹമായിരുന്നു. ഹദീഥുകളുടേയും നബി(സ)തിരുമേനിയുടേയും സത്യസന്ധനായ പ്രേമിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും സംഭവങ്ങൾ അദ്ദേഹം എത്രമാത്രം ആവേശത്തോടും വൈകാരികമായും സൂക്ഷ്മമായ രീതിയിലുമായിരുന്നു വിവരിച്ചിരുന്നതെന്നാൽ ശ്രോതാക്കളുടെ മനസ് അത് വളരെ ഇഷ്ടപ്പെട്ടിരുന്നു. സംഭവങ്ങൾ വിവരിക്കുന്ന നേരത്ത് അദ്ദേഹത്തിന്റെ കണ്ണുകൾ നനയുകയും ശബ്ദം ഇടറുകയും ചെയ്യുമായിരുന്നു.'

ക്ഷമയും അദ്ദേഹത്തിൽ ഒരുപാടുണ്ടായിരുന്നു. നൂരി സാഹിബ് എഴുതുന്നു: 'എല്ലാ വിധ വിഷമാവസ്ഥകളിലും അദ്ദേഹം എപ്പോഴും ക്ഷമയുടേയും സഹനത്തിന്റേയും പ്രകടനം കാഴ്ചവച്ചു. സഹിഷ്ണുതയോടുകൂടി എല്ലാ ഞെരുക്കങ്ങളേയും സഹിച്ചു. തന്റെ രോഗാവസ്ഥ കാരണത്താൽ ചായക്കപ്പ് എടുക്കാൻപോലും കഴിയുമായിരുന്നില്ല. ബിസ്തറിൽ തിരിഞ്ഞുകിടക്കാനും കഴിഞ്ഞിരുന്നില്ല. പക്ഷേ, എന്നിട്ടും അദ്ദേഹം എപ്പോഴും തന്റെ ജോലി തുടർന്നു. കഠിനാധ്വാനത്തോടെ തന്റെ ചുമതല നിറവേറ്റി. പരാതിപ്പെടാൻ ആർക്കും അവസരം നല്കിയിരുന്നില്ല. എന്നല്ല അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിരുന്നു.' നൂരി സാഹിബ് പറയുന്നു: 'വരുന്ന ഓരോരുത്തരേയും പുഞ്ചിരിച്ചുകൊണ്ടും സന്തോഷത്തോടു കൂടിയും കാണുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ വളരെ വലിയ സൽസ്വഭാവമായിരുന്നു. ത്വാഹിർ ഹാർട്ട് ആശുപത്രിയിൽ പ്രവേശിക്കുന്നതിനു ഒരു ദിവസം മുമ്പേ അദ്ദേഹം എന്നെ കാണാൻ വന്നു. രോഗം കാരണത്താൽ അദ്ദേഹത്തിന്റെ മുഖത്ത് കഠിനമായ വേദന പ്രകടമായിരുന്നു. എന്നിട്ടും അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: 'എന്റെ അവസാനം ആയിരിക്കുന്നുവെന്ന് ഞാൻ കരുതുന്നു. ഞാൻ എന്റെ റബ്ബിനെ കാണാൻ പോകുകയാണ്.' ഇക്കാര്യം അദ്ദേഹം മന്ദസ്മിതവദനനായാണ് പറഞ്ഞത്.'

പിന്നീട് നൂരി സാഹിബ് അദ്ദേഹത്തിന്റെ നന്ദിപ്രകടനത്തെ സംബന്ധിച്ച് എഴുതുന്നു: 'കൃതജ്ഞതയുടേയും നന്ദി പ്രകടനത്തിന്റേയും സവിശേഷ ഗുണം അദ്ദേഹത്തിൽ അത്യധികമായിരുന്നു.' പറയുന്നു: 'രണ്ട് അവസരത്തിൽ അദ്ദേഹം വളരെ ഔദാര്യം കാണിച്ചുകൊണ്ട് എന്നോടു പറഞ്ഞു: 'താങ്കൾ എത്രമാത്രം ആത്മാർഥമായ നിയ്യത്തോടുകൂടി എന്നിൽ ഔദാര്യം കാണിച്ചുവോ എന്നെ ചികിത്സിച്ചുവോ അതിന്റെ വില ഒരിക്കലും എനിക്കു വീട്ടാൻ സാധിക്കുയില്ല. ഈ വികാരങ്ങൾ പ്രകടപ്പിച്ചുകൊണ്ട് നൂരി സാഹിബ് പറയുന്നു: അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) സ്വപ്നങ്ങളും മറ്റും എഴുതിവെച്ചിരുന്ന ഡയറി എനിക്കു സമ്മാനമായി തന്നു. ഇപ്രകാരംതന്നെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)ന്റെ ഒരു കോട്ടും എനിക്ക് നല്കി. ഇതുപോലെതന്നെ മെഡിക്കൽ ടീമിനോടും വളരെ വാത്സല്യത്തോടെ പെരുമാറി. അദ്ദേഹത്തിന്റെ മുറിയിലെ ലൈബ്രറി ഞാനും കണ്ടിട്ടുണ്ട്.' നൂരി സാഹിബും എഴുതിയിരിക്കുന്നു: 'ഭിത്തിയിൽ തയ്യാറാക്കിയിരുന്ന ഷെൽഫ് മുഴുവനും ഗ്രന്ഥങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. അതിൽ വിവിധ തരത്തിലുള്ള ശാസ്ത്രവും സാമ്പത്തികവും തുടങ്ങി എല്ലാ വിഷയങ്ങളും അടങ്ങുന്ന ഗ്രന്ഥങ്ങളുണ്ട്. താൻ ഇതെല്ലാം വായിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറയുകയും ചെയ്തിരുന്നു.'

പരേതനായ മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ മകൾ നുദ്റത്ത് പറയുന്നു: "അദ്ദേഹത്തിന്റെ വഫാത്ത് വിവരം കേട്ടപ്പോൾ ധാരാളം പഴയകാല സ്മരണകൾ എന്റെ മനസ്സിൽവന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ സ്മരണ ആർദ്രമായി.' അവർ പറയുന്നു: 'എന്റെ മകളുടെ വിവാഹമായിരുന്നു. കാര്യങ്ങളൊക്കെ നോക്കാൻ ഞാൻ പന്തലിൽ ചെന്നപ്പോൾ അവിടെ സഹോദരൻ അനസ് ആദ്യമേതന്നെ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം കരയുകയായിരുന്നു. ഇത്രവേഗം ഇവിടെ വന്നതെന്തിനാണെന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു. എന്നെ കണ്ടുകൊണ്ട് പറഞ്ഞു: 'ഇന്ന് എനിക്ക് നിന്റെ അബ്ബായെ ഒരുപാട് ഓർമവന്നു; പരേതനായ മീർ ദാവൂദ് അഹ്മദ് സാഹിബിനെ! ഞാൻ ഇവിടെവന്ന് നിനക്കുവേണ്ടി ദുആ ചെയ്യുകയായിരുന്നു."

അദ്ദേഹത്തിന്റെ സഹോദരീപുത്രൻ ആമിർ അഹ്മദ് എഴുതുന്നു: "സന്തോഷത്തിലും സന്താപത്തിലും വാത്സല്യനിധിയായ പിതാവിനെപോലെ ഒപ്പം ഉണ്ടാകുമായിരുന്നു. എല്ലാ വീട്ടിലും ഉയർച്ചയും താഴ്ചയുമുണ്ടാകും. പക്ഷേ, ഒരിക്കലും ഒന്നും സംഭവിച്ചിട്ടില്ലാത്തരീതിയിൽ മാപ്പു കൊടുക്കുമായിരുന്നു. എന്നല്ല, തന്റെ ഏതെങ്കിലും ഉപദേശം കാരണത്താൽ മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്ന് തോന്നിയാൽ, അത് സദുപദേശമായിരുന്നിട്ടും അതിൽ ഖേദം പ്രകടിപ്പിക്കുകയും മാപ്പുചോദിക്കുകയും ചെയ്യുമായിരുന്നു."

അഡീഷണൽ വക്കീലുത്തസ്നീഫ് മുനീറുദ്ദീൻ ശംസ് സാഹിബ് പറയുന്നു: "അദ്ദേഹത്തിന് ഞാനുമായി ധാരാളം സിറ്റിംഗ്സ് (sittings) ഉണ്ടായിട്ടുണ്ട്. എപ്പോഴും അദ്ദേഹത്തെ സഹതാപിയും വാത്സല്യവാനുമായി കണ്ടു. എന്നെക്കാൾ കൂടുതൽ പ്രായമുണ്ടായിരുന്നിട്ടും ഒരിക്കലും അദ്ദേഹം തന്റെ പ്രായത്തിന്റേയോ തന്റെ ജ്ഞാനത്തിന്റേയോ മേന്മ പ്രകടിപ്പിച്ചിരുന്നില്ല." മുനീറുദ്ദീൻ ശംസ് സാഹിബ് പറയുന്നു: 'മിയാൻ സാഹിബിന്റെ കൂടെ ഗ്രന്ഥരചനയിൽ ജോലി തുടങ്ങിയതുമുതൽ ഞങ്ങൾ തമ്മിൽ ബന്ധപ്പെടാറുണ്ട്. എപ്പോഴും അദ്ദേഹത്തെ വളരെ സഹായിയും മാർഗദർശിയും സഹകരിക്കുന്നയാളുമായിട്ടാണ് കണ്ടിട്ടുള്ളത്. ഏതെങ്കിലും ജോലി ഏല്പിച്ചാൽ അത് അദ്ദേഹം കഠിന പ്രയത്നത്തോടും ഉത്സാഹത്തോടും കൂടി ചെയ്തിരുന്നു. എന്നല്ല രോഗാവസ്ഥയിൽ എത്ര ജോലി ചെയ്യാൻ കഴിയുമോ അത്രയും ചെയ്തുതീർക്കുന്നതിന് തനിക്ക് കൂടുതൽ ജോലി നല്കാൻ എപ്പോഴും പറയുമായിരുന്നു. ഖിലാഫത്തിനോട് അതിരറ്റ ആത്മാർഥതയുടേയും കൂറിന്റേയും ബന്ധമായിരുന്നു. ജോലി സംബന്ധമായി സംസാരിക്കുമ്പോഴെല്ലാം തന്റെ സലാം പറയണമെന്ന് പറയുമായിരുന്നു. എനിക്ക് സലാം പറഞ്ഞ് അയക്കുമായിരുന്നു. തന്റെ ജോലി കാരണത്താൽ തന്നോടു വെറുപ്പ് വല്ലതുമുണ്ടോ എന്ന് എപ്പോഴും ചോദിക്കുമായിരുന്നു. കാലത്തിന്റെ ഖലീഫ വെറുക്കുമോ എന്നുള്ള ആശങ്ക എപ്പോഴുമുണ്ടായിരുന്നു.' ശംസ് സാഹിബ് എഴുതുന്നു: 'രോഗമുണ്ടായിരുന്നിട്ടും ഞാൻ എന്തെങ്കിലും ജോലി ഏല്പിച്ചാൽ സന്തോഷത്തോടെ എത്രയും പെട്ടെന്ന് അത് പൂർത്തിയാക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ തർജമ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വളരെ സ്തുത്യർഹമായ സേവനങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. ബറാഹീനെ അഹ്മദിയ്യായുടെ ചില ഭാഗങ്ങളുടെ തർജമ ഭംഗിയായി ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടി.' അദ്ദേഹം പറയുന്നു: 'തർജമ പൂർത്തിയായി കഴിഞ്ഞാൽ തർജമ ചെയ്യാനുള്ള ഞങ്ങളുടെ ടീമും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മുന്നിൽ വെക്കാറുണ്ടായിരുന്നു. എപ്പോൾ നിർദേശങ്ങൾ നല്കപ്പെട്ടാലും ഞാൻ എന്തെങ്കിലും നിർദേശങ്ങൾ കൊടുത്താലും കാലത്തിന്റെ ഖലീഫ ഇങ്ങനെ പറഞ്ഞിരിക്കുന്നു ഇതിനെകുറിച്ച് അഭിപ്രായം നല്കുക എന്ന പറഞ്ഞ് വക്കാലത്തെ തസ്നീഫ് നല്കിയാലും പ്രമാണബദ്ധമായി അഭിപ്രായങ്ങൾ അയക്കുമായിരുന്നു. എന്തായാലും അദ്ദേഹമൊരു ആലിമായിരുന്നു. അദ്ദേഹത്തിന്റേത് അഗാധമായ പാണ്ഡിത്യമായിരുന്നു. അതിൽനിന്ന് ജമാഅത്ത് ഇപ്പോൾ തടയപ്പെട്ടു. അല്ലാഹു മറ്റു ഉലമായെ സൃഷ്ടിക്കുമാറാകട്ടെ.'

മുബല്ലിഗുമാരെ ആദരിക്കാറുണ്ടായിരുന്നുവെന്ന അദ്ദേഹത്തിന്റെ സവിശേഷ ഗുണത്തെ കുറിച്ച്

എല്ലാവരും എഴുതിയിട്ടുണ്ട്. ഒരുപാട് മുബലിഗുമാരും എഴുതിയിട്ടുണ്ട്. ശംസ് സാഹിബും എഴുതിയിട്ടുണ്ട്. ഇതദ്ദേഹത്തിന്റെ വളരെ വലിയ സവിശേഷ ഗുണമായിരുന്നു. വൈജ്ഞാനികമായി അവർക്ക് മാർഗനിർദ്ദേശം നല്കാറുണ്ടായിരുന്നുവെന്നും എല്ലാവരും എഴുതിയിട്ടുണ്ട്.

അഡീഷണൽ നാളിർ ഇസ്‌ലാഹ് വ ഇർശാദ് മഖാമി റബ്‌വ ഹാഫിള് മുളഫർ അഹ്മദ് സാഹിബ് പറയുന്നു: “മിയാ സാഹിബ് പല സവിശേഷഗുണങ്ങളുടേയും ഉടമയായിരുന്നു; ദൈവഭയം, ദൈവസ്നേഹം ഖുർആനോടുള്ള പ്രേമം, ദൈവദൂതരോടുള്ള പ്രേമം, ലാളിത്യം, അതിഥി സൽക്കാരം, കരുണയും വാത്സല്യവും അദ്ദേഹത്തിന്റെ വ്യക്തമായ വിശേഷഗുണങ്ങളായിരുന്നു. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം മനുഷ്യരോടുള്ള കടമകളും ശ്രദ്ധിച്ചിരുന്നു. ദരിദ്രരേയും മിസ്ക്കീന്മാരയും ഒരുപാട് ഗൗനിച്ചിരുന്നു. ഒരു യാചകനേയും വെറും കൈയോടെ മടക്കുമായിരുന്നില്ല. കടം വാങ്ങി അവരുടെ ആവശ്യം നിറവേറ്റേണ്ടിവന്നാലും!” ഹാഫിള് സാഹിബ് പറയുന്നു: ‘ഒരു പണ്ഡിതനായിരുന്നു. അറിവ് കരസ്ഥമാക്കുന്നതിന് ഒരു പ്രത്യേക അഭിനിവേശമായിരുന്നു. അതിനുവേണ്ടി അദ്ദേഹം ഒരുപാട് പരിശ്രമിക്കുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്തു.’ ഹാഫിള് സാഹിബ് പറയുന്നു: ‘ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ ആദ്യമായി വായിച്ചു തീർത്തത് മെട്രിക് പരീക്ഷയ്ക്കുശേഷം, പത്താം ക്ലാസ് പരീക്ഷയ്ക്കു ശേഷമുള്ള അവധി നാളുകളിലായിരുന്നുവെന്ന് നേരിട്ട് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്. ഇക്കാര്യം അദ്ദേഹം എന്നോടും പറഞ്ഞിട്ടുണ്ട്. എന്നല്ല താൻ ആദ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ 15, 16 വയസ്സിൽ വായിച്ചുതീർത്തിരുന്നുവെന്ന് ഒരു കത്തിൽ എഴുതി തരിയും ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയായിരുന്നു.’ ഹാഫിള് സാഹിബ് എഴുതുന്നു: ‘ഇതിന്റെ അടിസ്ഥാനത്തിൽ ഹദീഥുജ്ഞാനങ്ങളോടും പ്രത്യേക അനുരക്തിയും അഭിവാഞ്ചയുമുണ്ടായിരുന്നു. എന്നല്ല സ്നേഹമായിരുന്നു. അതിനുവേണ്ടി അദ്ദേഹം വ്യക്തിഗതമായ സ്നേഹവും വായനയും കൊണ്ട് അറബിഭാഷയിലും എത്രമാത്രം കഴിവും പ്രാഗത്ഭ്യവും നേടിയിരുന്നുവെന്നാൽ ഹദീഥുകൾക്കുപുറമെ അവയുടെ അറബിശറഹുകൾ തുടങ്ങിയവയും വായിച്ചുകൊണ്ടിരുന്നു. മെട്രിക്കിനുശേഷം സ്വഹീഹു ബുഖാരി അദ്ദേഹം പഠിച്ചത് ഹക്കീം ഖുർശീദ് സാഹിബിൽ നിന്നായിരുന്നു. അതിനുശേഷവും അദ്ദേഹം കോളേജിൽ ലക്ച്ചറർ ആയിരുന്നപ്പോൾ രാവിലെ കോളേജിൽ പോകുന്നതിനുമുമ്പേ–ഹക്കീം സാഹിബിന്റെ വീട്ടിന്റെ മുന്നിൽ അദ്ദേഹത്തന്റെ കാർ നില്ക്കുന്നുണ്ടാകും–അവിടെ ഹക്കീം സാഹിബിൽനിന്ന് ഹദീഥ് പഠിച്ചതിനുശേഷം തന്റെ ജോലിക്കുപോകുന്നതും ഞാൻ കണ്ടിട്ടുണ്ട്.’ ഹാഫിള് സാഹിബ് പറയുന്നു: ‘അതിനുശേഷം സ്വിഹാഹുസിത്തയും ഹദീഥിന്റെ മറ്റു ഗ്രന്ഥങ്ങളും വ്യക്തിപരമായ താൽപര്യത്തോടെ വായിക്കാറുണ്ടായിരുന്നു. അവസാനശ്വാസംവരെ ഒരു വിദ്യാർഥിയായിത്തന്നെ ഇരുന്നു. ഹദീഥുകളുടെ മനോഹരവും അമൂല്യവുമായ ഗ്രന്ഥങ്ങളുടെ ഒരു ഖജനാവ് അദ്ദേഹം തന്റെ ലൈബ്രറിയിൽ ശേഖരിച്ചിരുന്നു. അതിൽ ഫലപ്രദവും ദുഷ്പ്രാപ്യവുമായ ഗ്രന്ഥങ്ങൾ ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ ലൈബ്രറി അതുല്യവും അനുപമവുമാണ്. ഹദീഥ് വിജ്ഞാനങ്ങളോടു എത്രമാത്രം താൽപര്യമായിരുന്നുവെന്നാൽ, അതിലെ മറ്റു വിഷയങ്ങളായ ഇൽമുർരിജാൽ, ഉസൂലുൽഇൽമ് ഹദീഥുകളിലും ഗ്രന്ഥങ്ങൾ അദ്ദേഹം ശേഖരിച്ചിരുന്നു. അഗാധമായ വായനയായിരുന്നു. വൈജ്ഞാനിക ചർച്ചകളിൽ വിവിധ വിഷയങ്ങൾ ചർച്ചയ്ക്കു വിധേയമാക്കാറുണ്ടായിരുന്നു.

സ്വിഹാഹുസിത്തയുടെ തർജമയുമായി ബന്ധപ്പെട്ട് ഞാൻ ഇവിടെ നിന്ന് ഒരു പുതിയ ബോർഡ് രൂപീകരിച്ചിരുന്നു. നൂർ ഫൗണ്ടേഷൻ സ്ഥാപിച്ചു. ഹദീഥുകളുടെ തർജമ ഉർദുവിൽ ചെയ്യുക എന്നതായിരുന്നു അതിന്റെ ജോലി. ചിലതിന്റെ ശറഹും എഴുതണമായിരുന്നു. അതിനെ കുറിച്ച് ഹാഫിള് സാഹിബ് എഴുതുന്നു: ‘മിയാൻ സാഹിബിനേയും അംഗമാക്കിയിരുന്നു. മിയാൻ സാഹിബ് തന്റെ ഓഫീസുസംബന്ധമായ ജോലി ഉണ്ടായിരിക്കെ പ്രയാസകരവും സുദീർഘവുമായ മുസ്നദ് അഹ്മദ് ബിൻ ഹമ്പലിന്റെ ഉർദു തർജമയുടെ ജോലി സ്വയമേവ ഏറ്റെടുത്തു. മറ്റു തിരക്കുകളും രോഗവും ഉണ്ടായിരുന്നിട്ടും ആ ജോലി കൃത്യമായി ചെയ്തുപോന്നു. നൂറുക്കണക്കിന് ഹദീഥുകളുള്ള ഒരു ഭാഗം അദ്ദേഹം പൂർത്തിയാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഈ സേവനവും സ്മരണയായി നിലനില്ക്കുന്നതാണ്.

ഹാഫിള് സാഹിബ് പറയുന്നു: ‘അദ്ദേഹത്തിന്റെ ഹദീഥുകളോടുള്ള സ്നേഹത്തിന്റെ മനോഹരമായ ദൃശ്യം അനുഗൃഹീത റമളാനിൽ അദ്ദേഹം നല്കുന്ന ഹദീഥുദർസുകളിൽ ഉണ്ടായിരുന്നു. വലിയ വ്യവസ്ഥയോടും പ്രയത്നത്തോടുംകൂടി അദ്ദേഹം ഈ ദർസ് നല്കാറുണ്ടായിരുന്നു. അതു പൊതുവെ നബി(സ)തിരുമേനിയുടെ ജീവിതചരിത്രത്തിലെ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു. അതിൽ ദുഷ്പ്രാപ്യവും അമൂല്യവുമായ കാര്യങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുമായിരുന്നു. ശബ്ദത്തിലും പ്രത്യേകമായ ജ്വലനവും വേദനയും തളംകെട്ടിനിന്നിരുന്നു. അദ്ദേഹത്തിന്റെ ദർസുകൾ റമളാനിൽ ഞങ്ങൾ പ്രത്യേകം കേൾക്കാറുണ്ടായിരുന്നു. മനോഹരമായ ശൈലയിൽ ദർസ് അവതരിപ്പിക്കുമായിരുന്നു. ഒരു പ്രത്യേകമായ പ്രേമവായ്പോടും ഹൃദയഗ്രാഹിയായ ശൈലിയോടും കൂടിയ അദ്ദേഹത്തിന്റെ ദർസിന്റെ നിമിഷങ്ങൾ ആദ്യ നൂറ്റാണ്ടിലേക്ക് മനസ്സുകളെ കൊണ്ടുപോയിരുന്നു.

റബ്‌വയിലെ ജൽസാ സാലാനയിലും അദ്ദേഹത്തിന് വർഷങ്ങളോളം പ്രസംഗിക്കാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. നാഇബ് വക്കീൽ വഖ്ഫെ നൗ ശമീം പർവേസ് സാഹിബ് എഴുതുന്നു: ‘ഖിലാഫത്തുമായുള്ള അദ്ദേഹത്തിന്റെ അദമ്യമായ സ്നേഹത്തിന്റെ ഒരു സംഭവം എന്റെ മനസ്സിൽ പതിഞ്ഞിട്ടുണ്ട്: നാലാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് നടന്നപ്പോൾ ഞാൻ ഝംഗ് ജില്ലാ ഖാഇദായിരുന്നു. മസ്ജിദ് മുബാറക്കിന്റെ മിഹ്റാബിന്റെ വെളിയിലായിരുന്നു എന്റെ ഡ്യൂട്ടി. പെട്ടന്ന് ഉള്ളിൽനിന്ന് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തിരഞ്ഞെടുക്കപ്പെട്ടു എന്ന വിവരം വന്നു. ശമീം സാഹിബ് പറയുന്നു: ജൂണിലെ അതികഠിനമായ ചൂടിൽ ഇഷ്ടികകൾ വിരിച്ച ചുട്ടുപൊള്ളുന്ന തറയിൽ അദ്ദേഹം സുജൂദ് ചെയ്തുകൊണ്ട് വീണു.’

ഡോക്ടർ ഇഫ്തിഖാർ സാഹിബ് ലണ്ടനെഴുതുന്നു: ‘യഥാർഥ അർഥങ്ങളിൽ വാഖ്ഫെ സിന്ദഗിയായിരുന്നു. ഓഫീസിൽ വരുന്നത് ഉപേക്ഷിച്ചിരുന്നില്ല. പ്രസിദ്ധീകരണങ്ങളുടേയും തർജമകളുടേയും പ്രവൃത്തികളിൽ അവസാനശ്വാസംവരെ മുഴുകിയിരുന്നു.’ വീണ്ടും പറയുന്നു: ‘തർജമകൾ വളരെ ശ്രദ്ധയോടെ ചെയ്യുകയും ഉചിതമായ ശൈലീപ്രയോഗം അന്വേഷിക്കുന്നതിൽ ചില പ്പോൾ പല ദിവസങ്ങൾ ചെലവഴിക്കുകയും ചെയ്യുമായിരുന്നു. അനുസരണത്തിന്റെ നിലവാരവും വളരെ ഉന്നതമായിരുന്നു.’

റഷ്യൻ ഡസ്കിലെ ഖാലിദ് സാഹിബ് ലണ്ടനെഴുതുന്നു: ‘മിയാൻ സാഹിബിന്റെ വ്യക്തിത്വം എന്റെ മനസ്സിൽ എപ്പോൾ വന്നാലും അദ്ദേഹത്തിന്റെ സത്ത നബി(സ) തിരുമേനിയുടെ അനുഗൃഹീത ഹദീഥ് ഉത്‌ലുബുൽ ഇൽമ മിനൽ മഹ്ദി ഇലല്ലഹ്ദി എന്നതിന്റെ യഥാർഥവും കർമപരവുമായ ചിത്രമായി തോന്നിയിരുന്നു. മിയാൻ സാഹിബിന് വിവിധതരം അറിവുകൾ പഠിക്കുന്നതിന് അതിരറ്റ അഭിനിവേശമായിരുന്നു. ഏതെങ്കിലും പുതിയ കാര്യം മനസ്സിലാക്കുന്നതിനും പുതിയതെന്തെങ്കിലും അറിയുന്നതിനുമുള്ള അവസരം ഒരിക്കലും പാഴാക്കിയിരുന്നില്ല. നബി(സ)തിരുമേനിയുടെ ഹദീഥുകളും ഹദീഥുവിജ്ഞാനങ്ങളും അദ്ദേഹത്തിന്റെ പ്രത്യേകവും ഇഷ്ടപ്പെട്ടതുമായ വിഷയമായിരുന്നു. ഇപ്രകാരംതന്നെ ഭാഷാവിജ്ഞാനവും അദ്ദേഹത്തിന്റെ പ്രത്യേക താൽപര്യമായിരുന്നു. വിവിധ ഭാഷകൾ പഠിക്കുന്നത് വളരെ ഇഷ്ടമായിരുന്നു. അതിഥി സൽക്കാരവും സവിശേഷ ഗുണമായിരുന്നു.

2005 ലെ സംഭവമാണ്. റഷ്യൻ ജമാഅത്തിന്റെ സ്വദ്ർ – അദ്ദേഹം മോസ്കോയിലെ മുഅല്ലിമുമാണ് – റുസ്തം ജമാദ് വലി സാഹിബ് റഷ്യൻ ഭാഷയിൽ വിശുദ്ധഖുർആന്റെ തർജമ തയ്യാറാക്കുന്നതിന്റെ ജോലിയുമായി ബന്ധപ്പെട്ട് റബ്‌വയിൽ വന്നു. ഖാലിദ് സാഹിബ് പറയുന്നു:അദ്ദേഹവുമായി ചേർന്ന് എനിക്ക് ജോലി ചെയ്യാൻ അവസരം കിട്ടി. റുസ്തം സാഹിബ് ആ ദിവസങ്ങളിൽ താമസിച്ചിരുന്നത് തഹ്‌രീക്കെ ജദീദിന്റെ ഗസ്റ്റ് ഹൗസിലായിരുന്നു. ഒരിക്കൽ ഭക്ഷണം കഴിക്കുന്നനേരത്ത് റുസ്തം സാഹിബിന്റെ ഇഷ്ടത്തിനനുസരിച്ചുള്ള ചില സാധനങ്ങൾ ഉണ്ടായിരുന്നില്ല; തീർന്നുപോയിരുന്നുവെന്നാണ് തോന്നുന്നത്. മിയാ അനസ് സാഹിബ് ഇതറിഞ്ഞു. അദ്ദേഹം ഉടനെ എന്നെ വിളിച്ചിട്ട് പറഞ്ഞു: റുസ്തം സാഹിബ് നമ്മുടെ അതിഥിയാണ്. അദ്ദേഹത്തിന്റെ ആവശ്യങ്ങളെല്ലാം ശ്രദ്ധിക്കേണ്ടത് നമ്മുടെ ഒന്നാമത്തെ ഉത്തരവാദിത്വമാണ്. പിന്നീട് തന്റെ പോക്കറ്റിൽനിന്ന് പൈസ തന്നിട്ട് ആവശ്യമുള്ള വസ്തുക്കൾ കൊണ്ടുകൊടുക്കാൻ പറഞ്ഞു. ഇനിയെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ തന്നോടു പറയണമെന്നും പറഞ്ഞു. ഏർപാടു ചെയ്തു കഴിഞ്ഞുവെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. പിന്നീട് എപ്പോഴും കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു.’

ബർമയിലെ മുബല്ലിഗ് മുഹമ്മദ് സാലിക് സാഹിബ് പറയുന്നു: ‘ശ്രീലങ്കയിൽനിന്നുള്ള ഒരു വിദ്യാർഥിയുടെ സംഭവം എന്നെ ആകർഷിച്ചു. ശ്രീലങ്കയിൽനിന്ന് മുനീർ അഹ്മദ് എന്ന് പേരുള്ള ഒരു വിദ്യാർഥി ജാമിആയിൽ പഠിക്കുന്നതിന് വന്നിരുന്നു. അദ്ദേഹം ഇപ്പോൾ ശ്രീലങ്കയിൽ മുബല്ലിഗ് എന്ന നിലയിൽ പ്രവൃത്തിച്ചുവരുന്നു. ജാമിആയിൽ പഠിക്കുമ്പോൾ സുഖമില്ലാതായി. അദ്ദേഹത്തിന്റെ കഠിനമായ രോഗവേളയിൽ മിയാ സാഹിബ് വളരെയധികം അസ്വസ്ഥനാകുകയും രാവും പകലും ഹോസ്റ്റലിൽവന്ന് തന്റെ ഏതോ ബന്ധു രോഗിയായതുപോലെ വിശേഷം തിരക്കിക്കൊണ്ടിരിക്കുകയും ചെയ്തു. ആ ദിനങ്ങളിൽ മിർസാ അനസ് അഹ്മദ് സാഹിബ് ജാമിആയിലെ അഡ്മിൻട്രേറ്ററായിരുന്നു.

മുബല്ലിഗ് അമേരിക്ക ശംശാദ് സാഹിബ് എഴുതുന്നു: ‘മുറബ്ബിമാരുമായുള്ള മീറ്റിംഗുകളിൽ അവരുടെ ഉള്ളിൽ തബ്‌ലീഗ് ചെയ്യാനുള്ള ആവേശമുണ്ടാക്കുന്നതിന് ഒരുപാട് ശ്രമിച്ചിരുന്നു. വായനയിൽ വളരെ താൽപര്യമായിരുന്നു. മുറബ്ബിമാരോടും ആവർത്തിച്ചാവർത്തിച്ച് വായിക്കണമെന്ന് പറയാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഓഫീസിൽത്തന്നെയും ഗ്രന്ഥങ്ങളുടെ കൂമ്പാരമുണ്ടാകുമായിരുന്നു. ബുഖാരി ശരീഫ് കൂടുതൽ വായിക്കുമായിരുന്നു. വന്നുംപോയുമിരിക്കുന്ന മുറബ്ബിമാരുമായും വൈജ്ഞാനികമായ ചർച്ചകൾ നടത്തിയിരുന്നു.

ഘാനയിലെ മുബല്ലിഗ് ശാഹിദ് മഹ്മൂദ് സാഹിബെഴുതുന്നു: ‘മിയാ സാഹിബിനോടൊപ്പം വക്കാലത്തെ ഇശാഅത്തിൽ തഹ്‌രീക്കെ ജദീദ് മാസികയുടെ ഇംഗ്ലീഷ് ഭാഗത്തിന്റെ പത്രാധിപരായി പന്ത്രണ്ട് വർഷത്തിലേറെ ജോലിചെയ്യാൻ എനിക്ക് തൗഫീഖ് കിട്ടിയിരുന്നു. മിയാ സാഹിബിൽനിന്ന് നിരവധി കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹവും ഖിലാഫത്തിനോടുള്ള സ്നേഹവും അനു

സരണവും അദ്ദേഹത്തിൽ നല്ലവണ്ണം നിറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പേര് പറയുന്നതിനോടൊപ്പം മിക്കപ്പോഴും അദ്ദേഹത്തിന്റെ കണ്ണുകളിലൂടെ കണ്ണീരും ഒഴുകുമായിരുന്നു.

ഗ്രന്ഥങ്ങളുടെ തർജമ പ്രത്യേകിച്ചും ബറാഹീനെ അഹ്മദിയ്യാ, സുർമചശ്മയെ ആര്യ, മഹ്മൂദ് കി ആമീൻ എന്നീ ഗ്രന്ഥങ്ങളുടെ തർജമയുടെ നേരത്ത് എന്നെ തന്നോടൊപ്പം ഓഫീസിൽ ഇരുത്തുമായിരുന്നു. തർജയുടെ ജോലി ആവശ്യാർഥം നിരവധി തവണ വീട്ടിലും വിളിക്കുമായിരുന്നു. അവധി ദിവസത്തെ സംബന്ധിച്ചോ ഓഫീസ് അടച്ചുപോകുമോ എന്നതിനെ സംബന്ധിച്ചോ ഒരു ചിന്തയുമുണ്ടായിരുന്നില്ല. മിക്കപ്പോഴും വൈകുന്നേരം വളരെ വൈകുന്നതുവരെ പണിയെടുക്കുമായിരുന്നു. ഇങ്ങനെയൊക്കെയായിട്ടും എന്നെ സൽക്കരിക്കുകയും എന്നോടുള്ള വാത്സല്യവും തുടർന്നുപോയി. ഇദ്ദേഹം പറയുന്നു: 'ളുഹ്ർ നമസ്കാരത്തിന് ഇമാമ് നിൽക്കുന്നത് എന്റെ ഡ്യൂട്ടിയാക്കിയിരുന്നു. ഓഫീസിൽത്തന്നെയാണ് എല്ലാ ഉദ്യോഗസ്ഥരും നമസ്കരിച്ചിരുന്നത്. അദ്ദേഹത്തിന്റെ നമസ്കാരം മന്ദഗതിയിലായിരുന്നത് ഞാൻ കണ്ടിരുന്നു. വളരെ ആസ്വദിച്ച് നമസ്കരിച്ചിരുന്നു. ഓഫീസിലെ ഉദ്യോഗസ്ഥരോടു വാത്സല്യത്തോടെ പെരുമാറിയിരുന്നു.' ഇദ്ദേഹം പറയുന്നു: 'ഒരു തവണ രോഗമുണ്ടായിട്ടും ഞാൻ ഓഫീസിൽ വന്നു. വിശ്രമിക്കുന്നതിന് എനിക്ക് ആറു ദിവസത്തെ അവധിതന്ന് വീട്ടിലേക്ക് പറഞ്ഞുവിട്ടു. അദ്ദേഹമാണെങ്കിൽ രോഗാവസ്ഥയിലും ഓഫീസിൽ വരാറുണ്ടായിരുന്നു. വീട്ടിലും ജോലി ചെയ്യുമായിരുന്നു.'

വക്കാലത്തെ തസ്നീഫ് യു.കെ മുറബ്ബി അയാസ് മഹ്മൂദ് ഖാൻ സാഹിബ് പറയുന്നു:'ജോലി സംബന്ധമായി ഞാൻ ഒരുപാട് അദ്ദേഹത്തിൽനിന്ന് പഠിച്ചു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ തർജമ വളരെ ഉത്സാഹത്തോടെ ചെയ്തിരുന്നു. അതുകൊണ്ട് തർജമയ്ക്കിടയിൽ പ്രയാസമുള്ള സ്ഥലങ്ങൾ വരുകയും അതു പരിഹരിക്കുകയും ചെയ്യുമ്പോൾ അവയെ കുറിച്ചും പറയുമായിരുന്നു. തന്റെ പരിചയസമ്പത്തും ശയ്ർ ചെയ്യുമായിരുന്നു. അദ്ദേഹം പ്രത്യേകമായും പറയാറുണ്ടായിരുന്ന ഒരു കാര്യം തർജമ ചെയ്യുന്ന നേരത്ത് നിഘണ്ടുവിൽനിന്നുള്ള വാക്കർഥം മാത്രം എഴുതിയാൽ പോരെന്നാണ്. ഏതെങ്കിലും പദം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനത്തിന് മങ്ങലേൽക്കുന്നതായുണ്ടോ എന്നും നോക്കേണ്ടതുണ്ട്. വാക്കുപരമായ തർജമ ശരിയല്ലെങ്കിൽ യഥാർഥ വിഷയത്തിന്റെ ആശയം പ്രകടമാക്കുന്ന ഏതെങ്കിലും പദം ചേർക്കേണ്ടതാണ്. തർജമയുടെ ജോലി എത്രമാത്രം താൽപര്യമായിരുന്നുവെന്നാൽ രോഗാവസ്ഥയിലും അത് നിറുത്തി വെച്ചിരുന്നില്ല. രോഗത്തിന്റെ നാളുകളിൽ പല പ്രാവശ്യവും തന്റെ ജോലിയുടെ വേഗം കുറഞ്ഞിട്ടുണ്ടെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്; തർജമയ്ക്കിരിക്കുമ്പോൾ ആഗ്രഹിക്കുന്നത്ര ചെയ്യാൻ കഴിയുന്നില്ല; ക്ഷീണിച്ചുപോകുന്നു. എങ്കിലും ഞാൻ ആറേഴ് മണിക്കൂർ ഇരിക്കുകയും തുടർച്ചയായി ജോലി ചെയ്യുകയും ചെയ്യാറുണ്ട്. ഞാനദ്ദേഹത്തെ 13,13 മണിക്കൂറും എന്നല്ല 15,15 മണിക്കൂറും പണിയെടുക്കുന്നത് കണ്ടിട്ടുണ്ട്.

അയാസ് സാഹിബ് എഴുതുന്നു: 'ഞങ്ങൾ റബ്വയിൽ പോയപ്പോൾ മിയാ സാഹിബും ഞങ്ങൾക്ക് കുറച്ച് ക്ലാസുകളെടുത്തിരുന്നു. ഞാൻ അദ്ദേഹവുമായി സംസാരിക്കുമ്പോൾ ആ സമയത്തും പിന്നീടും പറയാറുണ്ടായിരുന്നു, കുട്ടികളായ നിങ്ങൾ സാഹിത്യങ്ങളും വായിക്കുക. എല്ലാതരത്തിലുമുള്ള ഗ്രന്ഥങ്ങളും വായിക്കുന്ന ശീലമുണ്ടാക്കുക. മതഗ്രന്ഥങ്ങൾമാത്രം വായിച്ചുകൊണ്ടിരുന്നാൽ പോര. തത്ത്വജ്ഞാനപരമായ ഗ്രന്ഥങ്ങളും വായിക്കുക. മറ്റു സാഹിത്യങ്ങളും വായിക്കുക, നോവലുകളും വായിക്കുക. ഇതുമുഖേന ഭാഷയും വിശാലമാകുന്നതാണ്; അറിവും വർധിക്കും. എന്നോടു പറയാറുണ്ടായിരുന്നു, നിനക്ക് വായന വളരെ നിർബന്ധമാണ്. കാരണം നീ തർജമയുടെ ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇദ്ദേഹം പറയുന്നു: 'ഒരിക്കൽ ഞാൻ ഒരു പ്രയാസകരമായ പദത്തിന്റെ ഇംഗ്ലീഷ് അർഥത്തെ സംബന്ധിച്ച് ചോദിച്ചു. താങ്കളുടെ അഭിപ്രായത്തിൽ ഏതർഥമാണ് വേണ്ടത്? മിയാ സാഹിബ് അല്പം ചിന്തിച്ചുപോയി. പിന്നീട് രണ്ടുമൂന്നു പദങ്ങളും പറഞ്ഞു. ഞാൻ മിയാ സാഹിബിനോടു പറഞ്ഞു: ഹദ്റത്ത് ചൗദരി സഫ്റുല്ലാഹ് ഖാൻ സാഹിബ് ഒരിടത്ത് ഇതിന്റെ ഇംഗ്ലീഷ് തർജമ ഇങ്ങനെയാണ് ചെയ്തിട്ടുള്ളത്. അപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു. പറഞ്ഞു: അത് തികച്ചും ശരിയാണ്. ഇതുതന്നെയാണ് അതിന്റെ ശരിയായ തർജമ. ചൗദരി സാഹിബിനെ ആദരിച്ചും ബഹുമാനിച്ചുംകൊണ്ട് പറഞ്ഞു:'അദ്ദേഹത്തിന്റെ ഭാഷ വളരെ നല്ലതായിരുന്നു. താങ്കൾ ഈ പദം ഉപയോഗിക്കുക.' അയാസ് സാഹിബ് പറയുന്നു: 'മിയാ സാഹിബ് തന്റെ ബുദ്ധിയും ഗ്രാഹ്യശക്തിയും അറിവും ഖലീഫത്തുൽ മസീഹിന്റെ മുന്നിൽ ഒന്നുമില്ലാത്തതിനു തുല്യമായാണ് കണ്ടിരുന്നത്. ആദ്യം അദ്ദേഹത്തിന് എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽത്തന്നെ ഖലീഫത്തുൽ മസീഹ് ഇങ്ങനെ പറഞ്ഞിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞാൽ ഉടനെ പറയും, അതാണ് ശരി! താൻ പറഞ്ഞത് തെറ്റാണെന്നും. ഹുദൂർ പറഞ്ഞതുതന്നെയാണ് ശരിയായിട്ടുള്ളത്. ഖലീഫത്തുൽ മസീഹിന്റെ മുമ്പിൽ മറ്റുള്ളതെല്ലാം വ്യർഥമാണെന്ന് എന്നോടു എപ്പോഴും പറയുമായിരുന്നു. ഖലീഫത്തുൽ മസീഹ് പറയുന്നതാണ് ശരിയായിട്ടുള്ളത്. നമ്മൾ അതനുസരിച്ച് പ്രവൃത്തിക്കേണ്ടത് നിർബന്ധമാണ്.

റഷ്യൻ ഡസ്കിലെ ഉദ്യോഗസ്ഥൻ ശേയ്ഖ് നസീർ സാഹിബ് പറയുന്നു: മിയാൻ സാഹിബിനോടൊപ്പം 16 വർഷക്കാലം വക്കാലത്തെ ഇശാഅത്തിൽ കഴിഞ്ഞു. അദ്ദേഹത്തിൽനിന്ന് ഒരുപാട് കാര്യങ്ങൾ പഠിച്ചു. എപ്പോഴും ഒരു വാത്സല്യനിധിയായ സുഹൃത്തിനെപോലെ കണ്ടു. അദ്ദേഹം ഒരിക്കലും കീഴുദ്യോഗസ്ഥനാണെന്ന വിചാരമുണ്ടാക്കാൻ ഈ വിനീതനെ വിട്ടില്ല. എപ്പോഴെങ്കിലും എനിക്ക് ഈ വിചാരമുണ്ടാകുകയും വിചാരിക്കുകയും ചെയ്താൽ എന്റെ മാതാപിതാക്കൾ ഇല്ലാത്തതിനാൽ എപ്പോഴുംതന്നെ അവരുടെ സ്ഥാനത്ത് മനസ്സിലാക്കിക്കൊള്ളാൻ എന്നോടു പറയുമായിരുന്നു. പിന്നീട് ഇദ്ദേഹം എഴുതുന്നു: എല്ലാ ഉദ്യോഗസ്ഥന്മാരോടും വാത്സല്യത്തോടെ പെരുമാറയിരുന്നു. ഞാൻ ചെയ്ത തെറ്റുകാരണത്താൽ അല്പം വഴക്കു പറഞ്ഞാൽത്തന്നെയും അത് ഓർമവയ്ക്കുകയും അടുത്ത് ദിവസം എനിക്ക് നീ പൊറുത്തു തന്നിട്ടുണ്ടാവുമല്ലെ എന്നു പറയുകയും ചെയ്യുമായിരുന്നു. താങ്കൾ ദ്വേഷപ്പെട്ടതായി എനിക്കു തോന്നിയതുപോലുമില്ലെന്ന് ഞാൻ പറയുമായിരുന്നു. അഥവാ ദ്വേഷം വന്നാൽത്തന്നെ അദ്ദേഹം നിശബ്ദനാകുമായിരുന്നു. മിയാ സാഹിബ് ദ്വേഷത്തിലാണെന്ന് ഞങ്ങൾക്ക് അറിയുകയും ചെയ്യുമായിരുന്നു. എന്നാൽ, കുറച്ചു നേരത്തിനുശേഷം മറ്റെന്തെങ്കിലും ആവശ്യത്തിന് ഫോൺ വന്നാൽ ഒരു കാര്യവും മനസ്സിലുണ്ടാകുകയുമില്ല. ഖലീഫത്തുൽമസീഹ് എന്തെങ്കിലും ജോലി ഏല്പിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി മീറ്റിംഗ് ചേർന്ന് മാർഗം സ്വീകരിക്കുമായിരുന്നു. ഏറ്റവും പ്രയാസപ്പെട്ട ജോലിയായിരിക്കും മിയാ സാഹിബ് സ്വീകരിക്കുക. രോഗമുണ്ടായി വീട്ടിലായിരുന്നിട്ടും അത് നിറവേറ്റാൻ ശ്രമിച്ചിരുന്നു. വീട്ടിൽ വരാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഉദ്യോഗസ്ഥരെ വീട്ടിൽ വിളിപ്പിക്കുമായിരുന്നു. അവിടെ ഓഫീസാക്കുമായിരുന്നു. സൗഖ്യത്തിന്റേയും വിശ്രമത്തിന്റേയും വിചാരം തന്നെ ഉണ്ടാവില്ല. കിടക്കയിൽ കിടന്നുകൊണ്ട് തർജമ ചെയ്യും. ഒരുപാട് പ്രാവശ്യം എന്റെ കൂടെ സൈക്കിളിലിരുന്ന് ഓഫീസിൽ വരുമായിരുന്നു.

ഇശാഅത്തിലെ ഉദ്യോഗസ്ഥനായ സാഹിദ് മഹ്മൂദ് മജീദ് സാഹിബ് പറയുന്നു: 'ബഹുമാന്യ മിയാ സാഹിബിനോടൊപ്പം സേവനം ചെയ്യാൻ അവസരം കിട്ടി. അദ്ദേഹം ഖിലാഫത്തിന്റെ ആസക്തനായിരുന്നു. ഫാക്സ് എഴുതേണ്ടിവരുമ്പോൾ അങ്ങയെ(ഹുദൂറിനെ)സംബന്ധിച്ച് വികാരഭരിതനായിത്തീരുമായിരുന്നു. ഇവിടെ(ലണ്ടനിൽ)നിന്ന് എന്തെങ്കിലും ജോലി ഏല്പിച്ചാൽ അത് ചെയ്തു തീർക്കാതെ ഇരിക്കപ്പൊറുതി ഉണ്ടാകുമായിരുന്നില്ല. ആരോഗ്യം തടസ്സമായാൽ വളരെ അസ്വസ്ഥനാകുമായിരുന്നു.' മഹ്മൂദ് മജീദ് സാഹിബ് പറയുന്നു: 'എന്റെ വൃക്കയിൽ കല്ലുണ്ടായിരുന്നു. അതിന്റെ ഓപ്റേഷൻ ഫള്ലെ ഉമർ ആശുപത്രിയിൽ നടന്നു. അപ്പോൾ മിയാ സാഹിബ് ഓപ്റേഷൻ തിയറ്ററിനു പുറത്ത് ഉലാത്തിക്കൊണ്ടിരിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നു.'

ഇശാഅത്ത് വകുപ്പിലെ ഉദ്യോഗസ്ഥനായ മുഹമ്മദുദ്ദീൻ ഭട്ടിസാഹിബ് പറയുന്നു: മിയാ സാഹിബിനോടൊപ്പം എനിക്ക് 1995 മുതൽ വഫാത്തുവരെ ജോലി ചെയ്യാൻ തൗഫീഖ് കിട്ടി. പരേതനായ മിയാൻ സാഹിബ് ഉദ്യോഗസ്ഥരോട് എപ്പോഴും വിനയത്തോടുകൂടിയാണ് പെരുമാറിയിരുന്നത്. എന്തെങ്കിലും പ്രവൃത്തിക്കായി തന്റെ അടുത്ത് വിളിപ്പിച്ചാൽ കസേരയിൽ ഇരിക്കാൻ പറയുമായിരുന്നു. എന്നിട്ടാണ് സംസാരിച്ചിരുന്നത്. എപ്പോഴെങ്കിലും ഏതെങ്കിലും ഉദ്യോഗസ്ഥനോടു വെറുപ്പുണ്ടായാൽ, അതിനുശേഷം വേഗം വാത്സല്യത്തോടെ പെരുമാറുമായിരുന്നു; ചിലപ്പോൾ മാപ്പുചോദിക്കേണ്ട അവസ്ഥയിൽ എത്തിയാൽ പോലും! അദ്ദേഹം പറയുന്നു: 'ഒരിക്കൽ മിയാ സാഹിബ് എന്തോ ജോലി ചെയ്യാൻ പറഞ്ഞു. ഞാൻ മിയാസാഹിബിന് നിഷേധത്തിൽ മറുപടി നല്കി. നെഗറ്റീവായി മറുപടി നല്കി. എന്നിൽനിന്ന് തെറ്റു സംഭവിച്ചു. എന്നാൽ, അദ്ദേഹം അത് വിട്ടുവീഴ്ച ചെയ്തു. അങ്ങനെ മറുപടി പറയാൻ പാടില്ലായിരുന്നുവെന്നു മാത്രം പറഞ്ഞു.' ഇദ്ദേഹം പറയുന്നു: 'കാൽമുട്ട് വേദന കാരണത്താൽ എനിക്കു കുറച്ചുനാൾ ഓഫീസിൽ കൃത്യസമയത്ത് എത്താൻ കഴിഞ്ഞിരുന്നില്ല. താമസിക്കുന്ന കാരണത്താൽ എന്റെ ഹാജർ ബുക്കിൽ ക്രോസ് മാർക്കിടുമായിരുന്നു. അങ്ങനെ കുറച്ചു മാർക്ക് ക്രോസ് വീണാൽ അതൊരു അവധിയായി കണക്കാക്കുമായിരുന്നു.' ഇദ്ദേഹം പറയുന്നു: 'മിയാ സാഹിബ് സ്വയം വക്കീലുൽ അഅ്ലാ സാഹിബിനോടു അദ്ദേഹത്തിനു ബുദ്ധിമുട്ടുണ്ടെന്നും അതിനാൽ ക്രോസ്മാർക്ക് ഇടരുതെന്നും ശിപാർശ ചെയ്തു. മിയാ സാഹിബ് ദരിദ്രരായ വിദ്യാർഥികളേയും തൊഴിൽരഹിതരേയും വിധവകളേയും പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു. വിദ്യാർഥികൾക്ക് പുസ്തകങ്ങളും സ്കൂൾ യൂണിഫോമും വാങ്ങി നല്കുമായിരുന്നു. തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കാൻ ശിപാർശ ചെയ്തുകൊണ്ടുള്ള കത്തുകൾ നല്കു മായിരുന്നു.'

'ഘാനയിലെ മുറബ്ബി ഇഹ്സാനുള്ള സാഹിബ് പറയുന്നു: 'അദ്ദേഹത്തിന്റെ തണലിൽ 9 വർഷം വക്കാലത്തെ ഇശാഅത്തിൽ പ്രവൃത്തിച്ചു. ഖിലാഫത്തിനോടുള്ള പ്രേമവും മര്യാദയും നിറഞ്ഞ വ്യക്തിത്വമായിരുന്നു. വളരെ സൂക്ഷ്മമായ രീതിയിൽ തന്നോടൊപ്പം ജോലി ചെയ്യുന്നവരുടെ മനസ്സുകളിൽ ഈ സ്നേഹം ഇൻജക്ടു ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ ഈ വിനീതനെ വിളിച്ച് അടുത്തിരുത്തി. ഈ സാധുവിനോടു പറഞ്ഞു: ഹുദൂറിന് ഫാക്സെഴുതുകയാണ്, ഇതുടനെ ചെയ്യണം. പിന്നീട് ഫാക്സെഴുതാൻ തുടങ്ങി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് എന്ന പദങ്ങളെഴുതി വിലയനത്തിന്റെ ലോകത്തിൽ ആ വാക്കുകളിൽ കുറച്ചുനേരം കണ്ണും നട്ടിരുന്നു.".

ഇദ്ദേഹം പറയുന്നു: കീഴുദ്യോഗസ്ഥരോടു അങ്ങേയറ്റം വാത്സല്യത്തോടെ പെരുമാറി. ആരേ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 24 January 2019 Issue-4

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

യും തന്റെ മുമ്പിൽ നിറുത്തി സംസാരിക്കാൻ വിട്ടിരുന്നില്ല. കഠിനമായ രോഗത്തിലും ക്ഷീണ ത്തിലും ഉന്മേഷം നിലനിന്നു. ഒരു ദിവസം ആരെ യെങ്കിലും വഴക്കുപറഞ്ഞാൽ രണ്ടുദിവസം സമാ ധാനിപ്പിച്ച് നടക്കുമായിരുന്നു. അതുകാണുമ്പോൾ നാണം തോന്നുമായിരുന്നു. വാസ്തവത്തിൽ ദ്വേഷം എന്തായിരുന്നു? ഉറക്കെ സംസാരിക്കും അതുതന്നെ! കഠിനമായ പദങ്ങളോ മനസിനെ വ്രണപ്പെടുത്തുന്ന വാക്യങ്ങളോ ഒന്നും ഉണ്ടാകു മായിരുന്നില്ല. ഓഫീസിലാരെങ്കിലും ദ്വേഷപ്പെടു ന്നതുകണ്ടാൽ അതിൽനിന്ന് പിന്തിരിപ്പിക്കുമായി രുന്നു.

മുഹമ്മദു ത്വൽഹാ സാഹിബ് ജാമിആയിൽ മുത്തഖസ്വസീൻ വകുപ്പിൽ ഹദീഥിന്റെ ഉസ്താ ദാണ്. അദ്ദേഹം പറയുന്നു: 'തഖസ്വുസ് ചെയ്യു ന്നതിനിടയിൽ ഏകദേശം ഒരു വർഷം മിയാ അന സ് അഹ്മദ് സാഹിബിൽനിന്ന് എനിക്കും ജമാഅ ത്തിന്റെ മുബല്ലിഗ് സയ്യിദ് ഫഹദ് സാഹിബിനും ഹദീഥ് പഠിക്കാനുള്ള അവസരം കിട്ടി. മറ്റു ചുമ തലകളും രോഗവും ഉണ്ടായിരുന്നിട്ടും ഹദീഥിന്റെ ക്ലാസ് നഷ്ടപ്പെടുന്ന ഒരു ദിവസവും ഉണ്ടാകാതി രിക്കാൻ എങ്ങനെയും അദ്ദേഹം ശ്രമിച്ചിരുന്നു. ഒരിക്കൽ ആരോഗ്യം കൂടുതൽ വഷളായ കാരണ ത്താൽ ഓഫീസിൽ വരാൻ കഴിഞ്ഞില്ല. അപ്പോൾ പഠിക്കുന്നതിന് ഞങ്ങളെ വീട്ടിൽ വിളിപ്പിച്ചു.

വക്കാലത്തെ ഇശാഅത്തിലെ മുറബ്ബി ആസിഫ് ഉമയ്സ് സാഹിബെഴുതുന്നു: 'ഈ സാധുവിന്റെ നി യമനം കുറച്ചുമാസങ്ങൾക്കു മുമ്പേ വക്കാലത്തെ ഇശാഅത്തിൽ നടന്നു. ഈ കുറച്ചുമാസം എന്റെ ജീവിതത്തിലെ സ്മാരകദിനങ്ങളായിരുന്നു. എല്ലാ അവസരത്തിലും അങ്ങേയറ്റം വാത്സല്യത്തോടെ മിയാൻ സാഹിബ് ശ്രദ്ധിക്കുകയുണ്ടായി. എന്റെ യും അദ്ദേഹത്തിന്റെയും പ്രായം തമ്മിൽ കുറ ഞ്ഞത് 55 വർഷത്തെ വ്യത്യാസമുണ്ടായിരുന്നു. പക്ഷേ, ഈ വ്യത്യാസം പേരിൽ മാത്രമാണു ള്ളതെന്ന് തോന്നിയിരുന്നു. സംസാരവും ശോഭ നീയമായിരുന്നു. സദസ്സിനെ സന്തോഷകരമാക്കി വെക്കുന്നതിന് മിക്കപ്പോഴും ഫലിതവും പറയുമാ യിരുന്നു.' ഇദ്ദേഹം പറയുന്നു: 'അദ്ദേഹത്തിന്റെ തർജമയായ മുസ്നദ് ബിൻ ഹമ്പലിന്റെ ജോലി യായിരുന്നു എന്നെ ഏല്പിച്ചിരുന്നത്. ഈ പ്രാ യത്തിലും ആരോഗ്യം അങ്ങേയറ്റം മോശമായ സ്ഥിതിയിലായിരുന്നിട്ടും ജോലി മുന്നോട്ടുപോ കാനുള്ള തന്റേടമായിരുന്നു അദ്ദേഹത്തിലുണ്ടാ യിരുന്നത്. നിരാശയോ ജോലി പൂർത്തിയാകുമോ എന്ന വിചാരമോ അദ്ദേഹത്തിന്റെ അടുത്തുടെപോ ലും പോയിട്ടില്ല.'

റബ്‌വ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥി മുഹമ്മദ് കാശിഫ് പറയുന്നു: "ഈ വിനീതൻ 'അഹ്മദിയ്യാ ഖലീഫമാരുടെ പ്രൈവറ്റ് സെക്രട്ട റിമാർ' എന്ന വിഷയത്തിൽ പ്രബന്ധം അവതരി പ്പിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറച്ചുമാ സങ്ങളായി അദ്ദേഹത്തിന്റെ അടുക്കൽ പലപ്രാ വശ്യവും പോകാറുണ്ടായിരുന്നു. അൽഹംദുലില്ലാ ഹ്. അദ്ദേഹം ഈ വിനീതന് അങ്ങേയറ്റം സ്നേ ഹത്തോടെ തന്റെ വിലപിടിച്ച സമയം നല്കി. രോഗിയായിരിക്കുമ്പോഴും വിശദമായ ഇന്റർവ്യൂ കൾ നല്കി. ഒരിക്കൽ വളരെ വേദനനിറഞ്ഞ ശബ്ദ ത്തോടെ പറയാൻ തുടങ്ങി. മനുഷ്യന്റെ ശ്രമമോ അധ്വാനമോ ഒന്നുംതന്നെയല്ല. ഇതാണ് എന്റെ ജീവിതത്തിന്റെ ചുരുക്കം. എന്താണോ ഉള്ളത് അല്ലാഹുവിന്റെ കൃപയാണ്. പിന്നീട് ഖിലാഫ ത്തുമായി ബന്ധിക്കപ്പെട്ടതും.'

റബ്‌വയിൽനിന്ന് ആസിഫ് അഹ്മദ് സഫ്ർ പറയുന്നു: 'വഫാത്താകുന്നതിന് കുറച്ചുകാലം മുമ്പേ ത്വാഹിർ ഹാർട്ട് ഹോസ്പിറ്റലിൽ അഡ്മി റ്റായിരുന്നു. അദ്ദേഹത്തെ കാണുന്നതിന് ഞാൻ പോയി. കഠിനമായ ബുദ്ധിമുട്ടുണ്ടായിരുന്നിട്ടും സ്വയം തന്റെ മാസ്ക്കെടുക്കുകയും സംസാരി ക്കാൻ തുടങ്ങുകയും ചെയ്തു. അപ്പോൾ ഞാൻ പറഞ്ഞു: 'മിയാൻ സാഹിബ്! അല്ലാഹു ഫള്ല് ചെയ്യും. ഇൻശാഅല്ലാഹ്.' അദ്ദേഹം പറഞ്ഞു: 'അല്ലാഹു വിളിക്കുക എന്നതും ഒരു ഫള്ലാണ്.' ആസിഫ് അഹ്മദ് പറയുന്നു: 'അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് ഞാൻ അമ്പരന്നുപോയി; ആ അവസ്ഥയിലും അല്ലാഹുവിൽ തവക്കുലാണ്, മര ണത്തെ കുറിച്ച് ചിന്തയെ ഇല്ല!'

ഖിലാഫത്തുമായുള്ള അദ്ദേഹത്തിന്റെ ബന്ധ ത്തെക്കുറിച്ച് വിവിധ ആളുകൾ എഴുതുകയുണ്ടാ യി. അതിലൊന്നും അതിശയോക്തിയില്ല. എന്നല്ല, അതിനേക്കാളുപരിയായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. തന്റെ സകല കർമങ്ങൾകൊണ്ടും തന്റെ എല്ലാ മാതൃകകൊണ്ടും ഈ ബന്ധം അദ്ദേഹം പ്ര കടിപ്പിച്ചു. എന്നല്ല, ഖലീഫത്തുൽ മസീഹ് റാബി അ്(റഹ്) എന്നെ അമീർ മഖാമിയും നാളിർ അഅ ്ലായുമായി നിയമിച്ചപ്പോഴും ഞാൻ കുറഞ്ഞത് 13, 14 വർഷം അദ്ദേഹത്തെക്കാൾ ചെറുപ്രാ യമായിരുന്നിട്ടും ഖിലാഫത്തിനോടുള്ള അനുസ രണം കാരണത്താൽ അദ്ദേഹം അമീറിനെ പൂർണ മായും അനുസരിക്കുകയും വലുതായ നിലയിൽ പരിഗണിക്കുകയും ചെയ്തു. ആ നേരത്തും പൂ ർണമായി അനുസരിക്കുകയും എപ്പോഴും തിക വുറ്റ കൂറിന്റെ മാതൃക ഖിലാഫത്തിനുശേഷവും അദ്ദേഹം കാണിക്കുകയും ചെയ്തു. പരിപൂർണ അനുസരണത്തിന്റെ മാതൃക കാണിച്ചു.

അല്ലാഹു അദ്ദേഹത്തിനോട് കാരുണ്യത്തോടും പൊറുക്കലോടും കൂടി പെരുമാറട്ടെ. അല്ലാഹു വിന്റെ ഫള്ൽ കരസ്ഥമാക്കുന്നതിനെ സംബ ന്ധിച്ച് എന്തൊന്നാണോ അദ്ദേഹം പ്രകടിപ്പിച്ചത്, അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തിയാ ക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവരിൽ അദ്ദേഹത്തിന് ഇടം നല്കുമാറാകട്ടെ. അദ്ദേഹ ത്തിന്റെ മക്കളേയും ഖിലാഫത്തിനോടു കൂറിന്റെ ബന്ധം പുലർത്തുന്നവരാകട്ടെ.

മിർസാ ഗുലാം അഹ്മദ് സാഹിബ് വഫാത്താ യപ്പോൾ ഇദ്ദേഹം സ്വപ്നം കണ്ടു: 'സഹോദരൻ ഖുർശീദും മിയാൻ അഹ്മദും അല്ലാഹുവിന്റെ അടു ത്തു പോയിരിക്കുന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് മസീഹ് മൗഊദു(അ)മായി അദ്ദേഹ ത്തിന്റെ കൂടിക്കാഴ്ച നടന്നുകൊണ്ടിരിക്കുന്നു. എന്റെ കൂടിക്കാഴ്ചയും ഇങ്ങനെ നടന്നിരുന്നെ ങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി. അപ്പോൾ ഞാൻ പറഞ്ഞു, 'അല്ലാഹുവേ! എന്നേയും നിന്റെ സമീപത്തേക്ക് വിളിച്ചാലും.' അപ്പോൾ അല്ലാഹു പ റഞ്ഞു: 'നീ മുമ്പോട്ടുവരിക! ഇപ്രകാരം അല്ലാഹു തന്റെ സമീപത്ത് ഇടം നല്കി.' അദ്ദേഹത്തിന്റെ മഗ്ഫിറത്തിനെ കുറിച്ചും കാരുണ്യത്തെ കുറിച്ചു മുള്ള വിവരം വിവരം അദ്ദേഹത്തിന് അല്ലാഹു ന ല്കിയിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഇനി അദ്ദേ ഹത്തിന്റെ മക്കളും നന്മയുൾക്കൊള്ളുന്നവരും സാത്വികരുമായിത്തീരട്ടെ.

(പേജ് 1ൽനിന്ന്)

ഏറ്റവും ദുർബലരൂപത്തിൽ അതായത്, പ്രാവി ന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത്, അതിനാൽ അവിശുദ്ധാത്മാവ് അതായത് ശയ്ത്താൻ ആ മതത്തിന്മേൽ വിജയം വരിച്ചു. തന്റെ വലുപ്പവും ശക്തിയും എത്രമാത്രം കാണിച്ചുവെന്നാൽ, അവൻ അത്യുഗ്രനായ പെരുമ്പാമ്പിനെപോലെ ആക്രമണം നടത്തി. അതുകൊണ്ടാണ് വിശു ദ്ധഖുർആൻ ക്രിസ്ത്യാനികളുടെ വഴികേടിനെ ലോകത്ത് എല്ലാ വഴികേടുകളേക്കാളും ഒന്നാം സ്ഥാനത്ത് ഗണിച്ചിട്ടുള്ളത്. പറഞ്ഞു: അടുത്തു തന്നെ ആകാശവും ഭൂമിയും പൊട്ടിപ്പിളരും; കാ രണം ഭൂമിയിൽ ഒരു വലിയ പാപം ചെയ്യപ്പെട്ടു. അതായത് മനുഷ്യനെ ദൈവവും ദൈവപുത്ര നുമാക്കി. വിശുദ്ധഖുർആന്റെ ആരംഭത്തിലും ക്രിസ്ത്യാനികൾക്കുള്ള ഖണ്ഡനവും അവരെക്കു റിച്ചുള്ള പ്രതിപാദ്യവുമുണ്ട്. പറയുന്നു: ഇയ്യാക്ക നഅ്ബുദു എന്ന വചനത്തിൽനിന്നും വലള്ളാ ല്ലീൻ എന്ന വചനത്തിൽനിന്നും ഇതു മനസ്സിലാ ക്കാവുന്നതാണ്. വിശുദ്ധഖുർആന്റെ അവസാന ത്തിലും ക്രിസ്ത്യാനികൾക്കുള്ള ഖണ്ഡനമാണ്. എപ്രകാരമെന്നാൽ *ഖുൽഹുവല്ലാഹു അഹദ് അല്ലാഹുസ്സമദ് ലം യലിദ് വലം യൂലദ്* എന്ന വചനങ്ങളിൽനിന്ന് അത് ഗ്രഹിക്കാവുന്നതാണ്. വിശുദ്ധഖുർആന്റെ മദ്ധ്യഭാഗത്തും ക്രിസ്തുമത ത്തിന്റെ ഫിത്നയെക്കുറിച്ചുള്ള പ്രതിപാദനമുണ്ട്. പറയുന്നു: തകാദുസ്സമാവാത്തു യതഫത്ത്വർന (മർയം 91) എന്ന വചനത്തിൽനിന്ന് ഇത് മനസ്സി ലാക്കാവുന്നതാണ്.

വിശുദ്ധഖുർആനിൽനിന്ന് വ്യക്തമാകുന്നത് ഈ ലോകം ഉണ്ടായതു മുതൽ സൃഷ്ടിപൂജയു ടേയും കളവിന്റേയും വഴികളിലുള്ള സമ്മർദം ഇ ത്രമാത്രമൊരിക്കലും ഉണ്ടായിട്ടില്ലെന്നാണ്. ഇക്കാ രണത്താലാണ് മുബാഹലക്കും– പ്രാർഥനാ സമര ത്തിനും ക്രിസ്ത്യാനികൾത്തന്നെ വിളിക്കപ്പെട്ടത്. മറ്റൊരു ബഹുദൈവവിശ്വാസിയേയും വിളിച്ചില്ല. ഇതിനുമുമ്പേ പക്ഷികളുടേയും ജന്തുക്കളുടേയും രൂപത്തിൽ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ടിരു ന്നതിന്റെ യുക്തി എന്തായിരുന്നു. ഗ്രഹിക്കുവാ ൻ സാധിക്കുന്നവർ സ്വയം ഗ്രഹിക്കട്ടെ. നാം ഇ ത്രമാത്രം പറഞ്ഞുതരാം: അതായത് നമ്മുടെ നബി(സ)തിരുമേനിയുടെ മനുഷ്യത്വം പരിശുദ്ധാ ത്മാവിനെക്കൂടി മനുഷ്യത്വത്തിലേക്ക് ആകർഷി ക്കത്തക്കവണ്ണം സുശക്തമായതായിരുന്നുവെന്ന സൂചനയാണിതിൽ അടങ്ങിയിരിക്കുന്നത്. നിങ്ങ ൾ അത്തരം വ്യാജദാസന്റെ അനുയായിയായിട്ട് എന്തിനാണ് ധൈര്യം കൈവെടിയുന്നത്. ഉപരി ലോകത്ത് മലക്കുകൾകൂടി അത്ഭുതപ്പെടുകയും നിങ്ങളുടെ മേൽ അനുഗ്രഹം ചൊരിയുകയും ചെയ്യുമാറ് നിങ്ങൾ നിങ്ങളുടെ സത്യസന്ധതയു ടേയും പരിശുദ്ധിയുടേയും മാതൃക കാണിക്കുക.

നിങ്ങൾക്ക് ജീവിതം കിട്ടാൻ നിങ്ങൾ ഒരു മര ണം സ്വീകരിക്കുക. ഇന്ദ്രിയാശകളുടെ ആവേശ ത്തള്ളിച്ചയിൽനിന്ന് നിങ്ങളുടെ അന്തരംഗം ശുദ്ധ മാക്കുക; അല്ലാഹു അതിൽ ഇറങ്ങാൻ! ഒരുഭാഗ ത്തുനിന്ന് പൂർണമായും ബന്ധം വിച്ഛേദിക്കുക. ഒരുഭാഗത്തുനിന്ന് തികവുറ്റ ബന്ധം സ്ഥാപിക്കു ക. അല്ലാഹു നിങ്ങളെ സഹായിക്കുമാറാകട്ടെ.

ഇനി ഞാൻ അവസാനിപ്പിക്കുകയാണ്. എന്റെ ഈ അധ്യാപനം നിങ്ങൾക്ക് ഫലപ്രദമാകാനും നിങ്ങൾ ഭൂമിയിൽ താരകങ്ങളായിത്തീരുംവിധം നിങ്ങളിൽ പരിവർത്തനമുണ്ടാകാനും നിങ്ങളു ടെ രക്ഷിതാവിൽനിന്ന് നിങ്ങൾക്ക് ലഭിച്ച പ്രകാ ശത്താൽ ഭൂമി പ്രകാശമയമായിത്തീരാനും ഞാൻ പ്രാർഥിക്കുന്നു. ആമീൻ ഥുമ്മ ആമീൻ.

(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 82–85)

☆☆☆

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin